# സാമൂഹ്യ ആഘാത പഠന അന്തിമ റിപ്പോർട്ട്

## സമഗ്ര ജലവിതരണ പധ്ദതി അകത്തേത്തറ, പുതുപ്പരിയാരം-2 വില്ലജുകളിൽ, പാലക്കാട് താലൂക്ക്, പാലക്കാട് ജില്ല



സമർപ്പണം

**ജില്ലാ കളക്ടർ, പാലക്കാട്**

ഏജൻസി: ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജ്,
അങ്ങാടിക്കടവ്, ഇരിട്ടി, കണ്ണൂർ – 670706
**Phone: (0490) 2426014; 7012516402**
dbascoffice@gmail.com

**ഒക്ടോബർ – 2021**

# സമർപ്പണം

പാലക്കാട് ജില്ലാ ഭരണകൂടം അതിൻെറ 2021 ഓഗസ്റ്റ് 24 ലെ നടപടി (File No. DCPKD/10479/2019–C4) പ്രകാരം പാലക്കാട് താലൂക്കിലെ അകത്തേത്തറ – പുതുപ്പരിയാരം വില്ലേജുകളിൽ സമഗ്ര ജല വിതരണ പധ്ദതി നടപ്പിാലക്കുവാൻ ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ ആഘാത പഠനം ഇരിട്ടി, അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജിനെ ഏൽപിച്ചുകൊണ്ട് ഉത്തരവായി. ഈ ഭൂമി ഏറ്റെടുക്കൽ നടപടിയ്ക്കുള്ള നിർമ്മാണാനുമതി ഭൂമി ഏറ്റെടുപ്പ് – കിഫ്ബി – 2017–18 G.O(Ms) 2824/2019/RD dated 29/09/2021 എന്നിവ ആസ്പദമാക്കിയുള്ളതാണ്.

ഭൂമി ഏറ്റെടുക്കൽ തഹസിൽദാർ ഓഫീസ്, പാലക്കാട് താലുക്ക് (നൽകിയ വിവരങ്ങൾ അനുസരിച്ച് പദ്ധതി ബാധിത കുടുംബങ്ങളിൽനിന്നും തത്പരകക്ഷികളിൽനിന്നും വിവരങ്ങൾ ശേഖരിച്ചാണ് സാമൂഹ്യ ആഘാത പഠനസംഘം ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതിൻെറ ആധാര രേഖകൾ ബന്ധപ്പെട്ട അധികാരികൾ പരിശോധിക്കേണ്ടതാണ്.

ഡയറക്ടർ

സാമൂഹ്യ ആഘാത പഠന സംഘം

ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജ്, ഇരിട്ടി, കണ്ണൂർ

**ഉള്ളടക്കം**

**അദ്ധ്യായം 1: പദ്ധതി സംഗ്രഹം**

1.1 പദ്ധതിയും പൊതുതാത്പര്യവും 06

1.2 പദ്ധതി പ്രദേശം 06

1.3 പദ്ധതിപ്രദേശത്തിന്റെ വലിപ്പവും സ്വഭാവവും 08

1.4 ബദൽ പ്രദേശങ്ങൾ 09

1.5 സാമൂഹ്യ ആഘാതം 09

1.6 ആഘാത ദുരീകരണ മാർഗ്ഗങ്ങൾ 09

1.7 സാമൂഹ്യ ആഘാത ദുരീകരണ പദ്ധതി 10

1.8 പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള മാർഗ്ഗങ്ങൾ 10

1.9 പദ്ധതി ബാധിതരുടെ പ്രധാന നിർദ്ദേശങ്ങൾ 11

**അദ്ധ്യായം 2: പദ്ധതി വിവര വിശദീകരണം**

2.1. പദ്ധതി പശ്ചാത്തലം 12

2.2. പദ്ധതിയുടെ വലിപ്പവും പ്രദേശവും 12

2.3. ബദൽ പ്രദേശങ്ങളുടെ പരിശോധന 13

2.4 പദ്ധതി നിർമ്മാണത്തിന്റെ പുരോഗതി 13

2.5 സാമൂഹ്യ ആഘാതത്തിന്റെ വിശദാംശങ്ങൾ 13

2.6 തൊഴിലാളികൾ 13

2.7 അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ 13

2.8 പ്രാബല്യത്തിലുള്ള നിയമങ്ങളും ചട്ടങ്ങളും 13

**അദ്ധ്യായം 3: സാമൂഹ്യ ആഘാത പഠന സമീപനവും രീതിയും സംഘവും**

3.1 പശ്ചാത്തലം 16

3.2 സാമൂഹ്യ ആഘാത പഠന (SIA) സംഘം 16

3.3 പഠന പ്രക്രിയ 17

3.4 വിവര ശേഖരണവും രീതിയും 17

3.5 സ്ഥല സന്ദർശനവും വിവര ശേഖരണവും 18

3.6 പൊതുചർച്ചയുടെ സംക്ഷിപ്തരൂപം 18

**അദ്ധ്യായം 4: ഭൂമി വിലയിരുത്തൽ**

4.1 പശ്ചാത്തലം 21

4.2 പദ്ധതി ബാധിത പ്രദേശത്തിന്റെ വിശദാംശങ്ങൾ 21

4.3 പദ്ധതിയ്ക്ക് ആവശ്യമായ ഭൂമികൾ 21

4.4 പദ്ധതിയുടെ ഭൂപടം 22

4.5 പൊതു ഭൂമിയുടെ ഉപയോഗം 23

4.6 വാങ്ങിയ ഭൂമികൾ 23

4.7 പ്രദേശത്തെ ഭുമി ഇടപാടുകൾ/ബാധ്യതകൾ 23

**അദ്ധ്യായം 5: മൂല്യനിർണ്ണയവും വിവരണവും**

5.1 ബാധിതമാകുന്ന ഭൂമികളുടെ സംഖ്യകൾ 24

5.2 ബാധിതമാകുന്നതിൻെറ വ്യാപ്തി 24

5.3 ഭൂമികളുടെ ഉടമസ്ഥാവകാശം 24

5.4 ഭൂമിയുടെ ഇനം 25

5.5 ഭൂമികളുടെ രേഖകൾ 25

5.6 പദ്ധതി പ്രദേശത്തെ നിലവിലത്തെ ഭൂമിയുടെ ഉപയോഗം 25

5.7 ഭൂമിയുടെ പുനരുപയോഗം 25

5.8 ഉടമസ്ഥതയിൽ വേറെ ഭൂമി 25

5.9 ബാധിതരാകുന്ന ദുർബല വിഭാഗം 25

5.10 പദ്ധതി ബാധിതരുടെ കുടുംബാവസ്ഥ 26

5.11 പരോക്ഷമായി പദ്ധതി ബാധിക്കുന്നവർ 26

**അദ്ധ്യായം 6: സാമൂഹ്യ സാമ്പത്തിക ഘടന**

6.1 ആമുഖം 27

6.2 കുടുംബങ്ങളുടെ വിശദാംശങ്ങൾ 27

6.3 സാമൂഹ്യ ജീവിതത്തിന്മേൽ ആഘാതം 27

6.4 പ്രതിമാസ വരുമാനം 27

6.5 കുടുംബ വരുമാനത്തിന്മേലുള്ള ആഘാതം 27

6.6 മുഖ്യമായ വരുമാന മാർഗ്ഗം 28

6.7 റേഷൻ കാർഡിൻെറ ഇനം 28

6.8 ഭൂമിയുടെ ഉപയോഗവും ഉപജീവന മാർഗ്ഗവും

**അദ്ധ്യായം 7: ആഘാത ദുരീകരണപദ്ധതി**

7.1 ആഘാത ദുരീകരണ സമീപനം 29

7.2 ആഘാതം ലഘൂകരിക്കുവാനുള്ള മാർഗ്ഗങ്ങളും നഷ്ടപരിഹാരവും 29

7.3 പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള മാർഗ്ഗങ്ങൾ 29

7.4 നിർദ്ദേഷ്ടാവ് സ്വീകരിക്കേണ്ട നടപടികൾ 29

7.5 സാമുഹ്യ ആഘാതം കുറവുള്ള ബദൽ പദ്ധതി സാധ്യതകൾ 29

7.6 ആഘാത ദുരീകരണവും പ്ലാനും 30

സാമ്പത്തിക നടപടികൾ 30

പാരിസ്ഥിതിക നടപടികൾ 30
പുനരധിവാസവും പുനഃസ്ഥാപനവും 31
മറ്റ് നടപടികൾ 31
7.7 ആഘാതം കുറയ്ക്കുവാൻ / ദുരീകരിക്കുവാനുള്ള മാർഗ്ഗങ്ങൾ 31

**അദ്ധ്യായം 8: സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി – അടിസ്ഥാന ഘടന**

8.1 ആമുഖം 32
8.2 സ്ഥാപന ഘടനയും പ്രധാനവ്യക്തികളും 32

**അദ്ധ്യായം 9: സാമൂഹ്യ ആഘാത നിയന്ത്രണത്തിൻെറയും ദുരീകരണത്തിൻെറയും ബജറ്റ്**

9.1 പുനസ്ഥാപനത്തിൻെറയും പുനരധിവാസത്തിൻെറയും ചെലവ് 34
9.2 വാഷിക ബജറ്റും പ്രവർത്തന പ്ലാനും 34
9.3 സാമ്പത്തിക സ്രോതസ്സും ഇനം തിരിച്ചുള്ള ചെലവുകളും 34

**അദ്ധ്യായം 10: സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി മേൽനോട്ടവും വിലയിരുത്തലും**

10.1 ആമുഖം 35
10.2 സംസ്ഥാന തലത്തിലുള്ളസംവിധാനം 35
10.3 ജില്ലാ തലത്തിലുള്ള സംവിധാനം 35

**അദ്ധ്യായം 11: ചെലവുകളുടെയും പ്രയോജനങ്ങളുടെയും അവലോകനം ഭൂമി ഏറ്റെടുക്കലിനെ സംബന്ധിച്ചുള്ള ശുപാർശ** 37

11.1 സമാപ്തിയും ലക്ഷ്യങ്ങളുടെ വിലയിരുത്തലും 37
11.2 സാമൂഹ്യ ആഘാതത്തിൻെറ സ്വഭാവം 37
11.3 പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ / അഭിപ്രായങ്ങൾ 38
11.4 സംഗ്രഹവും പരിസമാപ്തിയും 39

അനുബന്ധം 1: സർക്കാർ ഉത്തരവുകൾ 40
അനുബന്ധം 2: പൊതുചർച്ചയിൽ സന്നിഹിതരായവരുടെ പട്ടിക
അനുബന്ധം 3 പദ്ധതിയുടെ ഭൂപടം
അനുബന്ധം 4: വിവര ശേഖരണത്തിനുള്ള ചോദ്യാവലി

# അദ്ധ്യായം 1
# പദ്ധതി സംഗ്രഹം


### 1.1 പദ്ധതിയും പൊതു താത്പര്യവും

പാലക്കാട് താലൂക്കിലെ അകത്തേത്തറ – പുതുപ്പരിയാരം വില്ലേജുകളിൽ സമഗ്ര ജലവിതരണ പദ്ധതി പൊതുജനത്തിന് ഉപകാരപ്രദമായതിനാൽ സർക്കാർ ഈ ആവശ്യം പരിഗണിച്ച് ഈ പദ്ധതിക്കായി 64.14 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മലമ്പുഴ നിയോജകമണ്ഡലത്തിൽപ്പെട്ട 5 പഞ്ചായത്തുകളിലായി (മലമ്പുഴ, മരുതറോഡ്, പുതുപ്പരിയാരം, അകത്തേതറ, മുണ്ടൂർ) ഏഴ് വലിയ ജലസംഭരണികൾ നിർമ്മിച്ച്, മലമ്പുഴ ഡാമിൽനിന്നു കുടിവെള്ളമെത്തിക്കുന്ന പദ്ധതിയാണിത്. മലമ്പുഴ നിയോജകമണ്ഡലത്തിൽ മുൻ എം. എൽ. എ യും മുൻ മുഖ്യമന്ത്രിയുമായിരുന്ന ശ്രീ, വി. എസ്. അച്ചുദാനന്ദൻ ആരംഭംകുറിച്ച പദ്ധതിയാണിത്.


പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിൽപ്പെട്ട അകത്തേത്തറ, പുതുപ്പരിയാരം– 2 എന്നീ ഗ്രാമങ്ങളിലെ 2 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 0.2508 ഹെക്ടർ (62 സെൻറ് ) ഭൂമിയാണ് ഈ പദ്ധതിക്ക് ആവശ്യം. ഈ പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി ഇവിടെയുള്ള ശുദ്ധജലക്ഷാമം എന്നേക്കുമായി മാറുമെന്നതിനാൽ ഈ പദ്ധതി പൊതു താൽപര്യാതഥ്മാണ്.

### 1.2 പദ്ധതി പ്രദേശം

അകത്തേത്തറ പഞ്ചായത്തിലെ അകത്തേത്തറ ഗ്രാമത്തിൽ ശാസ്താനഗറിലും, പുതുപ്പരിയാരം പഞ്ചായത്തിലെ വളയെക്കാടുമാണു പ്രസ്തുത ജലസംഭരണികൾ നിർമ്മിക്കുന്നത്. പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിൽപ്പെട്ട പുതുപ്പരിയാരംഗ്രാമം ബ്ലോക്ക് 22 സർവ്വേ നമ്പർ 146/14, ലെ പുരയിടവും അകത്തേത്തറ വില്ലേജ് ബ്ലോക്ക് 25 ലെ സർവ്വേ നമ്പർ 186/8, 186/3 യിലെ പുരയിടവും ഉൾപ്പെട്ട 0.2508 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്.




നിർദ്ദിഷ്ട സ്കെച്ച് പ്ലാൻ- അകത്തേത്തറ വില്ലേജ്




നിദ്ദിഷ്ട സ്കെച്ച് പ്ലാൻ- പുതുപ്പരിയാരം-2 വില്ലേജ്

**1.3 ഏറ്റെടുക്കുവാനുള്ള ഭൂമിയുടെ വലിപ്പവും സവിശേഷതകളും**

മൊത്തം ആവശ്യമുള്ള ഭൂമി 0.2508 ഹെക്ടറാണ്. അകത്തേത്തറ പഞ്ചായത്തിലെ അകത്തേത്തറ ഗ്രാമത്തിൽ ശാസ്താനഗറിലും, പുതുപ്പരിയാരം പഞ്ചായത്തിലെ വളയെക്കാടുമാണു പ്രസ്തുത ജലസംഭരണികൾ നിമ്മിക്കുന്നതിന് ഉയന്ന പ്രദേശമാണു തിരഞ്ഞെടുത്തിരിക്കുന്നത്. കാഷികയോഗ്യമായ ഭൂമിയാണിത്. പുരയിടം മാത്രം ഉൾപ്പെട്ടതാണ് നിർദ്ദിഷ്ട പ്രദേശം. ഏറ്റെടുക്കുവാനുള്ള പ്രദേശം താരതമേന്യ കുറവും ഏറ്റെടുക്കൽ പ്രക്രിയ ബുദ്ധിമുട്ട് കുറഞ്ഞതുമാണ്.

### 1.4 സാദ്ധ്യതയുള്ള ഇതര പ്രദേശങ്ങൾക്കായുള്ള അന്വേഷണം

പഠനസംഘം പ്രസ്തുത ജലസംഭരണികൾ നിർമ്മിക്കുന്നതിന് മറ്റ് പ്ലാനുകളും രൂപകൽപനകളും അന്വേഷിച്ചു. ഇതര സാദ്ധ്യതകളെക്കുറിച്ച് ബാധിതരായ പ്രദേശവാസികളോടും മുഖ്യവിവര ദാതാക്കളോടും തിരക്കി. നിർദ്ദേശിച്ചിരിക്കുന്ന പദ്ധതിയെക്കുറിച്ച് പൊതുവിൽ അഭിപ്രായ ഐക്യം ഉണ്ടെന്നുമാത്രമല്ല, ഇതര നിർദ്ദേശങ്ങൾ ഉണ്ടായിരുന്നതുമില്ല. ഉയന്ന പ്രദേശമായതിനാലും 0.2508 ഹെക്ടർ ഭൂമി മാത്രം ആവശ്യമായതിനാലും നിർദ്ദേശിച്ചിരിക്കുന്ന സ്ഥലമാണ് ഏറ്റവും അനുയോജ്യം.

### 1.5 സാമൂഹ്യ ആഘാതം

പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിൽപ്പെട്ട പുതുപ്പരിയാരം- 2 ഗ്രാമം ബ്ലോക്ക് 22 സർവ്വേ നമ്പർ 146/14 ലെ പുരയിടവും അകത്തേത്തറ വില്ലേജിൽ ബ്ലോക്ക് 25ൽ സർവ്വേ നമ്പർ 186/8,186/3 കളിലെ പുരയിടവും 0.2508 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കു വാനുള്ളത്. 2 കുടുംബങ്ങളുടെയും അവരുടെ ആശ്രിതരുടെയും ഉൾപ്പെടെയുള്ള ഭൂമിനഷ്ടമാണ് ഏറ്റെടുക്കലിൻെറ ഏറ്റവും മുഖ്യമായ ആഘാതം. ഇവിടെയുള്ള ഭൂമി എറ്റെടുക്കൽ 4 പുരുഷന്മാരും 3 സ്ത്രീകളുമുൾപ്പെടെ 2കുടുംബങ്ങളിൽ നിന്നായി 7 വ്യക്തികളെയും. ഭൂമിയുമായുള്ള വൈകാരിക ബന്ധത്തിനും കോട്ടം സംഭവിക്കും. മതിയായ പ്രതിഫലവും പുനരധിവാസവും ലഭിച്ചാലും ഏറ്റെടുക്കൽ വരുത്തിവയ്ക്കുന്ന മുറിവ് പൂർണ്ണമായും ഇല്ലാതാകുകയില്ല.

| പട്ടിക സംഖ്യ **1.1** ബാധിക്കുന്ന ഭൂമി / ആസ്തി വിവര പട്ടിക | | | | | |
|---|---|---|---|---|---|
| *ക്രമ സംഖ്യ* | സർവ്വേ നമ്പർ | ഭൂമി ഉടമസ്ഥർ | നിലം/ പുരയിടം | വിസ്തീർണ്ണം | ബാധകമാകുന്ന ആസ്തി |
| 1 | 146/14 | Chenthamarakshan | പുരയിടം | 50 സെൻറ് | കൃഷി ഭൂമി |
| 2 | 186/8, 186/3 | N Ravindran & N Vijaykumar | പുരയിടം | 12 സെൻറ് | കൃഷി ഭൂമി |

### 1.6 ലഘൂകരണ മാഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013 അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ ആഘാതം അഭിമുഖീകരിക്കുവാൻ സാധിക്കുമെന്നാണ് പഠനത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്.

| പട്ടിക സംഖ്യ **1.2** സാമൂഹ്യ ആഘാതവും ലഘൂകരണ നടപടികളും | | | |
|---|---|---|---|
| *ക്രമ സംഖ്യ* | സർവ്വേ നമ്പർ | സ്ഥിതി: പ്രത്യക്ഷം / പരോക്ഷം | ലഘൂകരണ നിർദ്ദേശങ്ങൾ |
| 1 | ഭൂമി നഷ്ടം | 2 ഭൂമി – പ്രത്യക്ഷം | ഭൂമി ഏറ്റെടുക്കൽ 2013 നിയമ പ്രകാരം നഷ്ടപരിഹാരം |
| 2 | ഉപയോഗശൂന്യമാകുന്ന ശേഷിക്കുന്ന ഭൂമി | 2 ഭൂമി – പ്രത്യക്ഷം | അതുകൂടി ഏറ്റെടുക്കുക |
| 5 | പൊതു സ്വത്ത് | ഇല്ല | ഇല്ല |
| 6 | പൊതു സേവന ലഭ്യതയും പൊതു ആസ്തി വിഭവങ്ങളും | ഇല്ല | ഇല്ല |
| 7 | ആരാധനാലയ സ്ഥലം / ആസ്തി | ഇല്ല | ഇല്ല |

### 1.7 സാമൂഹ്യ ആഘാത ലഘൂകരണ പ്ലാനും മാർഗ്ഗങ്ങളും

സാമൂഹ്യ ആഘാത പഠനത്തിൽ നടത്തിയ അവലോകനങ്ങളുടെയും അന്വേഷണങ്ങളുടെയും ചർച്ചകളുടെയും വെളിച്ചത്തിൽ അകത്തേത്തറ – പുതുപ്പരിയാരം 2 ജലസംഭരണികൾ നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ മുഖേന ഉണ്ടാകാവുന്ന സാമൂഹ്യ ആഘാത ലഘൂകരണ പ്ലാൻ വികസിപ്പിച്ചെടുത്തിരിക്കുന്നു. അതിൻെറ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

#### സാമ്പത്തിക വശങ്ങൾ

ഭൂമിയോ/വിഭവങ്ങളോ 2 കുടുംബങ്ങൾക്കും നിയമം അനുശാസിക്കുന്ന നഷ്ടപരിഹാരം ലഭ്യമാക്കണം. പദ്ധതി ബാധിക്കുന്ന കുടുംബാംഗങ്ങൾക്ക് അവരുടെ കഴിവിനനുസരിച്ച് നിർമ്മാണജോലികളിൽ മുൻഗണന കൊടുത്താൽ ഉപജീവന മാർഗ്ഗങ്ങൾ നഷ്ടപ്പെടുന്നവർക്ക് താത്കാലിക പരിഹാരമെങ്കിലും ആയേക്കാം.

#### പാരിസ്ഥിതികം

പദ്ധതി നടപ്പാക്കുന്നവർ പദ്ധതി പ്രദേശത്തുള്ള വൃക്ഷലതാദികൾ പരമാവധി സംരക്ഷിച്ച് പരിസ്ഥിതിക്ക് അനുകൂലമായ നിർമ്മാണം ഉറപ്പുവരുത്തണം. ജലസംഭരണി കഴുകുന്നതുമൂലമോ, നിറഞ്ഞൊഴുകുന്നതോ ആയ ജലം സുരക്ഷിതമായി ഒഴുക്കികളയുന്നതിനു സംവിധാനമൊരുക്കണം.

**പട്ടിക നമ്പർ 1.3 - ഗുണകരമായ ഫലങ്ങൾ**

| അനന്തര ഫലങ്ങൾ | പ്രത്യക്ഷം / പരോക്ഷം | താത്കാലികം / ശാശ്വതം | പ്രധാനം / അപ്രധാനം |
|---|---|---|---|
| ഗതാഗത തടസ്സത്തിൽ കുറവ് | പ്രത്യക്ഷം | ശാശ്വതം | പ്രധാനം |
| കൂടുതൽ ഗതാഗത സൗകര്യങ്ങൾ | പ്രത്യക്ഷം / പരോക്ഷം | ശാശ്വതം | പ്രധാനം |
| അപകടകരമായ സാഹചര്യങ്ങളും ആകസ്മികമായ മരണങ്ങളും ഒഴിവാക്കൽ | പ്രത്യക്ഷം | ശാശ്വതം | പ്രധാനം |

പദ്ധതി ബാധിതരുമായി നടത്തിയ ചർച്ചകളിൽ എത്രയും വേഗം ഭൂമി ഏറ്റെടുത്ത് നിർമ്മാണം പൂർത്തിയാക്കി നഷ്ടപരിഹാരവും നൽകി ബാധിതരുടെ ദുരിതം ഇല്ലാതാക്കണമെന്ന അഭിപ്രായം ശക്തമായി ഉന്നയിക്കപ്പെട്ടു. നിയമ പ്രകാരമുള്ള നഷ്ട പരിഹാരം നൽകി ഭൂമി ഏറ്റെടുക്കണമെന്നാണ് സാമൂഹ്യ ആഘാത പഠന സംഘത്തിൻെറ അഭിപ്രായം. പ്രദേശത്തിൻെറയും ജില്ലയുടെയും പുരോഗതിയ്ക്ക് ഈ പദ്ധതി ആവശ്യമായതിനാൽ സാമൂഹ്യ വശങ്ങളും പാരിസ്ഥിതിക വശങ്ങളും കോർത്തിണക്കി ആഘാത ലഘൂകരണ നിർദ്ദേശങ്ങളും പാലിച്ച് പദ്ധതി ആവിഷ്കരിക്കണമെന്ന് പഠന സംഘം അഭിപ്രായപ്പെടുന്നു. മുൻ കരുതൽ നടപടികളിലൂടെ പദ്ധതിയുടെ ചിലവും ദോഷഫലങ്ങളും കുറയ്ക്കുകയും ചെയ്യണം.

### 1.8 പുനരധിവാസ / പുനഃസ്ഥാപനത്തിനുള്ള മാര്ഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013 അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ ആഘാതം അഭിമുഖീകരിക്കുവാൻ സാധിക്കുമെന്നാണ് പഠനത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. നഷ്ടപരിഹാരം എത്രയും വേഗം നൽകണമെന്ന് പഠന സംഘം നിര്ദ്ദേശിക്കുന്നു. ബാധിതരുടെ നഷ്ടങ്ങൾ നിയമം അനുശാസിക്കുന്ന നഷ്ടപരിഹാരത്തിലൂടെ കൈകാര്യം ചെയ്യുവാൻ സാധിക്കും.

### 1.9 പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ / അഭിപ്രായങ്ങൾ

ആഘാതം ലഘൂകരിക്കുവാൻ പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ /അഭിപ്രായങ്ങൾ താഴെ പ്പറയുന്നവയാണ്:

- മാക്കറ്റ് വിലയ്ക്കനുസരിച്ചുള്ള മൂല്യനിണ്ണയം.
- ഏറ്റെടുക്കലിനുശേഷമുള്ള സ്ഥലം ഉപയോഗശൂന്യമകുന്നതിനാൽ ശേഷിക്കുന്ന ഭൂമികൂടി ഏറ്റെടുക്കുക.
- നഷ്ടപ്പെടുന്ന ഭൂമിക്കു പകരമായി മറ്റൊന്നു വാങ്ങുന്നതിനു/ ബാങ്കിലെ കടം അടച്ചു തീക്കുന്നതിനു സാധിക്കുന്ന തരത്തിൽ നഷ്ടപരിഹാരം ഉറപ്പാക്കുക.
- പുതുപ്പരിയാരം വില്ലേജിൽ, നിമ്മാണസ്ഥലത്തേക്കു റോഡ് നിമ്മിക്കുന്നത്, ബാധിതനായ വ്യക്തിക്കു ശേഷിക്കുന്ന ഭൂമിയിലേക്കുകൂടി ഉപയോഗിക്കുന്നതിന് അനുവാദം നൽകുക. കൂടാതെ, ജലവിതരണ ജോലികളിൽ ഏതെങ്കിലുമൊരു തസ്തികയിൽ ( ഓപ്പറേറ്റർ/ വാച്ചുമാൻ) ജോലി നൽകുക.
- ഭൂമി ഏറ്റെടുക്കുന്നതിനായി ആരംഭത്തിൽ തൻെറ കൈവശമുള്ള 40 സെൻറു ഭൂമിയും ഏറ്റെടുക്കുമെന്നു ഉറപ്പുനൽകിയിരുന്നു. എന്നൽ ഇപ്പോൾ വെറും 12 സെൻറ് മതി എന്നു പറയുന്നു. ഇതു അംഗീകരിക്കാനാവില്ല. മുഴുവൻ സ്ഥലവും ഏറ്റെടുത്ത് ന്യായമായ നഷ്ടപരിഹാരം തരിക.

## അദ്ധ്യായം 2
## പദ്ധതിയുടെ വിശദമായ വിവരണം


### 2.1 പദ്ധതിയുടെ പശ്ചാത്തലം


പാലക്കാട് താലൂക്കിലെ അകത്തേത്തറ - പുതുപ്പരിയാരം വില്ലേജുകളിൽ സമഗ്ര ജലവിതരണ പധ്ദതി പൊതുജനത്തിന് ഉപകാരപ്രദമായതിനാൽ സർക്കാർ ഈ ആവശ്യം പരിഗണിച്ച് ഈ പദ്ധതിക്കായി ധനസഹായം അനുവദിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മലമ്പുഴ നിയോജകമണ്ഡലത്തിൽപ്പെട്ട 5 പഞ്ചായത്തുകളിലായി (മലമ്പുഴ, മരുതറോഡ്, പുതുപ്പരിയാരം, അകത്തേതറ, മുണ്ടൂർ) ഏഴ് വലിയ ജലസംഭരണികൾ നിർമ്മിച്ച്, മലമ്പുഴ ഡാമിൽനിന്നു കുടിവെള്ളമെത്തിക്കുന്ന പധ്ദതിയാണിത്.

പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിൽപ്പെട്ട അകത്തേത്തറ, പുതുപ്പരിയാരം-2 എന്നീ ഗ്രാമങ്ങളിലെ 2 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 0.2508 ഹെക്ടർ (62 സെൻറ് ) ഭൂമിയാണ് ഈ പദ്ധതിക്ക് ആവശ്യം. ഈ പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി ഇവിടെയുള്ള ശുദ്ധജല ക്ഷാമം എന്നേക്കുമായി മാറുമെന്നതിനാൽ ഈ പദ്ധതി പൊതു താൽപര്യാർത്ഥമാണ്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013 ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതി ബാധിതർക്ക് ലഭിക്കേണ്ട ന്യായമായ നഷ്ടപരിഹാരം, പുനരധിവാസം, പുന:സ്ഥാപനം എന്നിവയെക്കുറിച്ചുള്ള നിയമങ്ങളും നടപടികളും വ്യക്തമാക്കുന്നു.

### 2.2 പദ്ധതി പ്രദേശവും വലിപ്പവും




ഏറ്റെടുക്കുവനുള്ള സ്ഥലത്തിൻെറ രൂപരേഖ

പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിൽപ്പെട്ട അകത്തേത്തറ, പുതുപ്പരിയാരം-2 എന്നീ ഗ്രാമങ്ങളിലെ 2 സര്വ്വേ നമ്പറുകളിൽ ഉൾപ്പെട്ട 0.2508 ഹെക്ടർ (62 സെൻറ് ) ഭൂമിയാണ് ഈ പദ്ധതിക്ക് ആവശ്യം. പുതുപ്പരിയാരം-2 വില്ലേജിൽനിന്നും 50 സെൻറും അകത്തേത്തറ വില്ലേജിൽ നിന്ന് 12 സെൻറും സ്ഥലമാണ് ഏറ്റെടുക്കുന്നത്. പദ്ധതിയുടെ നിമ്മാണവും നടത്തിപ്പും കേരള വാട്ടർ അതോരിറ്റിയുടെ ഉത്തരവാദിത്വമാണ

**2.3 പദ്ധതിയ്ക്കായി ബദൽ പ്രദേശങ്ങളുടെ പരിശോധന**

സാമൂഹ്യ ആഘാത പഠന സംഘം പദ്ധതിയ്ക്കും അനുബന്ധ പ്രവത്തനങ്ങൾക്കും സാധ്യതയുള്ള ഇതര പ്ലാനുകളും കരടുരേഖകളും പരിശോധിച്ചു. പദ്ധതിക്കായി കണ്ടെത്തിയ സ്ഥലം തന്നെയാണു ഏറ്റവും കൂടുതൽ അനുയോജ്യമായത്. സ്ഥലത്തെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും അഭിപ്രായ പ്രകാരം ഇപ്പോൾ തിരഞ്ഞെടുത്തിരിക്കുന്ന സ്ഥലമാണ് ഏറ്റവും അനുയോജ്യം.

**2.4 പദ്ധതി നിർമ്മാണത്തിൻെറ പുരോഗതി**

ജല സംഭരണികളും അനുബന്ധ വിതരണ സംവിധാനങ്ങളും പദ്ധതിയിൽ ഉൾപ്പെടുന്നു. ഭൂമി ഏറ്റെടുക്കലും നിർമ്മാണ പ്രവർത്തനങ്ങളും റവന്യൂ വകുപ്പിൻെറ കീഴിലാണ്. ഭൂമി ഏറ്റെടുത്തതിനുശേഷം നിർമ്മാണം തുടങ്ങും. പദ്ധതിയുടെ നിമ്മാണവും നടത്തിപ്പും കേരള വാട്ടർ അതോരിറ്റിയുടെ ഉത്തരവാദിത്വമാണ്.

**2.5 സാമൂഹ്യ ആഘാതത്തിൻെറ വിശദാംശങ്ങൾ**

അകത്തേത്തറ-പുതുപ്പരിയാരം വില്ലേജുകളിൽ സമഗ്ര ജലവിതരണ പധ്ദതി, ജല സ്രോതസ്സുകൾ, വനം, വലിയ സ്ഥലം, കുന്ന് ഇടിച്ചുനിരത്തൽ, വനമേഖലയുടെ നാശം മുതലായ പ്രകൃതി സമ്പത്തിനെ അധികം ബാധിക്കാത്തതിനാൽ പ്രകൃതി ആഘാതത്തെക്കുറിച്ച് വിപുലമായ ഒരു പഠനം ആവശ്യമില്ല.

**2.6 തൊഴിലാളികൾ**

തൊഴിൽ നൈപുണ്യം ഉള്ളവരും അർദ്ധനൈപുണ്യം ഉള്ളവരും നൈപുണ്യം ഇല്ലാത്തവരുമായ വ്യത്യസ്ഥ വിഭാഗത്തിലുള്ള തൊഴിലാളികളെ ആധുനിക യന്ത്രങ്ങളുടെയും വ്യക്തമായ പ്ലാനുകളുടെയും സഹായത്തോടെ ശാക്തീകരിച്ച് നിമ്മാണം മികവുറ്റതാക്കാം.

**2.7 അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ**

അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ രൂക്ഷമായ ഒരു ആവശ്യം ഉദിക്കുന്നില്ല. ജനങ്ങൾക്കും വാഹനങ്ങൾക്കും തടസ്സമില്ലാത്ത വിധത്തിൽ നിർമ്മാണ പ്രവത്തനം നടത്തണം.

**2.8 പ്രാബല്യത്തിലുള്ള നിയമങ്ങളും ചട്ടങ്ങളും**

സാമൂഹ്യ - സാമ്പത്തിക ആഘാതത്തെക്കുറിച്ച് പ്രാബല്യത്തിലുള്ള ദേശീയ നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വികസന പദ്ധതികളിൽ പ്രകൃതി വിഭവങ്ങളെയോ കാലവസ്ഥയെയോ ഉപജീവനത്തെയോ പൊതു ആരോഗ്യത്തെയോ സുരക്ഷയെയോ പ്രതികൂലമായി ബാധിക്കുന്നില്ലെന്ന് പദ്ധതിയുടെ ഉപജ്ഞാതാവ് ഉറപ്പുവരുത്തണം. ഈ നൈയാമിക നിലപാട് സാമൂഹ്യ ആഘാത പഠനത്തിൻെറ പ്രാധാന്യം വർദ്ധിപ്പിക്കുകയും ഈ പദ്ധതി സുസ്ഥിരമായ ഒന്നാക്കുവാനും ആവശ്യപ്പെടുന്നു. പ്രസ്തുത പദ്ധതിയ്ക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയയെ ബാധിക്കുന്ന നിയമ വ്യവസ്ഥകൾ താഴെ പറയുന്നവയാണ്:

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013.
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (കേരള) നിയമങ്ങൾ 2015.
- കേരള സർക്കാർ – നികുതി വിഭാഗം – ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള സംസ്ഥാന നയങ്ങൾ.
- വിവരാവകാശ നിയമം 2005.
- ഭിന്നശേഷിക്കാരുടെ അവകാശ നിയമം 2016.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013.

കേന്ദ്ര നിയമം അദ്ധ്യായം 4, വകുപ്പ് 11: പൊതു ആവശ്യത്തിനായി ഏതെങ്കിലും മേഖലയിൽ ഭൂമി ആവശ്യമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടാൽ അതിൻെറ വിശദാംശങ്ങൾ ഔദ്യോഗിക വിജ്ഞാപനത്തിലും 2 വർത്തമാന പത്രങ്ങളിലും സർക്കാരിൻെറ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുകയും പദ്ധതി ബാധിക്കുന്നവരെ അറിയിക്കുകയുംവേണം. വകുപ്പ് 4: ഭൂമി ഏറ്റെടുക്കുന്നതിന് മുൻപ് ബാധിത പ്രദേശത്തെ സ്വകാര്യഭൂമി, സർക്കാർ ഭൂമി, വഴികൾ, യാത്രാസൗകര്യങ്ങൾ, പ്രദേശ നിവാസികളുടെ ഉപജീവനമാർഗ്ഗം തുടങ്ങിയ പ്രധാനപ്പെട്ട വശങ്ങളെക്കുറിച്ച് സാമൂഹ്യ ആഘാത പഠനം നടത്തണം.

വകുപ്പ് 28, 29: ഭൂമി ആവശ്യമായ സ്ഥലങ്ങളിൽ ന്യായമായ നഷ്ടപരിഹാരം എത്രയും വേഗം താഴെ കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങളനുസരിച്ച് നൽകണം:

- ആവശ്യമുള്ള സ്ഥലത്തിൻെറ വിസ്തീർണ്ണം.
- കളക്ടറുടെ തീരുമാനമനുസരിച്ച് സ്ഥലത്തിൻെറ വില.
- ഭൂമിയുടെയും കെട്ടിടങ്ങളുടെയും അനുബന്ധ സൗകര്യങ്ങളുടെയും വില.
- ഭൂമി ഏറ്റെടുക്കുന്നതുവഴി ഉണ്ടാകുന്ന നഷ്ടങ്ങൾ.
- ഭൂമി ഏറ്റെടുക്കുന്ന പ്രക്രിയയിൽ ഉണ്ടാകുന്ന നഷ്ടങ്ങൾ.
- താമസവും തൊഴിൽ സ്ഥലങ്ങളും മാറുമ്പോൾ ഉടമസ്ഥർക്ക് ഉണ്ടാകുന്ന നഷ്ടങ്ങൾ.
- ആദായ നഷ്ടം.
- നഷ്ടപരിഹാരം.
- സാമൂഹ്യ ആഘാത പഠനം പ്രസിദ്ധീകരിക്കുന്ന സമയം മുതൽ ഭൂമി വിലയുടെ 12% നിരക്കിന് പലിശ

സാമൂഹ്യ ആഘാത പഠനം നടത്തി ആഘാതം ലഘൂകരിക്കുന്നതിനുള്ള രൂപരേഖ പദ്ധതി നിർദ്ദേഷ്ടാവ് തയാറാക്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിൽ നിയമം അനുശാസിക്കുന്നവ പാലിക്കുവാൻ പദ്ധതി നിർദ്ദേഷടാവ് ബാധ്യസ്ഥനാണ്.

## അദ്ധ്യായം 3
## സാമൂഹ്യ ആഘാത പഠനസംഘം, പഠനസമീപനം, പഠനരീതി

### 3.1 പശ്ചാത്തലം

സർക്കാർ ഉത്തരവ്, ഭൂമി ഏറ്റെടുപ്പ് - കിഫ്ബി - 2017-18 G.O(Ms) 2824/2019/RD dated 29/09/2021 എന്നിവ അടിസ്ഥാനമാക്കി പാലക്കാട് ജില്ലാ ഭരണകൂടം File No. DCPKD/10479/2019 – C4 തിയതി 01/10/2021 സൂചനയിലൂടെ പാലക്കാട് ജില്ല അകത്തേത്തറ-പുതുപ്പരിയാരം വില്ലേജുകളിൽ സമഗ്ര ജലവിതരണ പധ്ദതി ഭൂമി എറ്റെടുക്കൽ സംബന്ധിച്ച് സാമൂഹ്യ ആഘാത പഠനം നടത്തുവാൻ ഇരിട്ടി (കണ്ണൂർ) ഡോൺ ബോസ്കോ ആർട്സ് ഏൻറ് സയൻസ് കോളേജിനെ ചുമതല പ്പെടുത്തി. പദ്ധതി ബാധിത വ്യക്തികളുടെയും ഭൂമികളുടെയും പട്ടിക തയ്യാറാക്കി സാമൂഹ്യ ആഘാതം മനസ്സിലാക്കി അത് കൈകാര്യം ചെയ്യുവാനുള്ള രൂപരേഘ തയ്യാറാക്കുകയുമാണ് പഠനത്തിൻെറ ലക്ഷ്യം. പ്രസ്തുത പദ്ധതിയെക്കുറിച്ച് പ്രഥമവും ദ്വിദീയവും ആയ ശ്രോതസ്സുകളിൽ നിന്നും ബാധിതരാകുന്ന വ്യക്തികളിൽ നിന്നും വിശദമായ ഒരു സാമ്പത്തിക - സാമുഹ്യ സർവ്വേ മുഖേന പഠനസംഘം വിവരങ്ങൾ ശേഖരിച്ചു.

### 3.2 സാമൂഹ്യ ആഘാത പഠന സംഘം

മൂന്ന് പേര് അടങ്ങുന്ന സംഘമാണ് പാലക്കാട് ജില്ല അകത്തേത്തറ-പുതുപ്പരിയാരം വില്ലേജുകളിൽ സമഗ്ര ജലവിതരണ പധ്ദതി ഭൂമി എറ്റെടുക്കൽ സംബന്ധിച്ച് സാമൂഹ്യ ആഘാത പഠനം നടത്തിയത്. സാമൂഹ്യ പ്രവത്തനത്തിലും (MSW) ബിസിനെസ് അഡ്മിനിസ്ട്രേഷനിലും (MBA) ബിരുധാനന്തര ബിരുദമുള്ളതും ദീർഘകാലത്തെ അനുഭവസമ്പത്തുള്ളതുമായ സംഘത്തിൻെറ ഡയറക്ടർ ഡോൺ ബോസ്കോ ആർട്സ് ഏൻറ് സയൻസ് കോളേജ് (കണ്ണൂർ) സാമൂഹ്യ പ്രവർത്തന വകുപ്പ് മേധാവിയാണ്. സംഘത്തിൻെറ ലീഡർക്ക് സാമൂഹ്യ പ്രവത്തനത്തിലും (MSW), M.Phil ബിരുദവും സാമൂഹ്യപരമായ ഗവേഷണത്തിലും പദ്ധതി ആസൂത്രണത്തിലും നടപ്പാക്കുന്നതിലും ദശാംബ്ദങ്ങൾ നീണ്ടുനിൽക്കുന്ന പരിചയമുണ്ട്. മൂന്നാമത്തെ സംഘാംഗത്തിന് സാമൂഹ്യ പ്രവത്തനത്തിൽ ബിരുദാനന്തര ബിരുദവും അനുഭവസമ്പത്തുമുണ്ട്.

**Table No. 3.1 സാമൂഹ്യ ആഘാത പഠന സംഘം**

| Sl. No. | Name | Qualification & Designation | Experience |
|---|---|---|---|
| 1 | Dr. Thomas Koonan | Director | Ph.D. in Sociology with 25 years experience in administrative, academic and developmental sector |
| 2 | Sebastian KV | MSW, M. PHIL<br>Team Leader, SIA Unit | 25 years experience<br>in Development Sector |
| 3 | Christopher | MSW, Asst. Team Leader | 2 years experience<br>in development sector |

### 3.3 പഠന പ്രക്രിയ

ഭൂമി ഏറ്റെടുക്കലിനുവേണ്ടിയുള്ള ഡെപ്യൂട്ടി കളക്ടറിൻെറയും മറ്റ് സ്റ്റാഫ് അംഗങ്ങളുടെയും, സ്ഥലമേറ്റെടുപ്പ് സ്പെഷ്യൽ തഹസിൽദാരുടെ ഓഫിസിൻെറയും സഹായത്തോടെ ലഭിച്ചിരുന്ന രേഖാചിത്രമനുസരിച്ച് പഠനസംഘം ബാധിത പ്രദേശം മനസ്സിലാക്കി. വിശദമായ വിവരങ്ങൾ

ശേഖരിക്കുന്നതിനുമുൻപ് സ്ഥലം സന്ദർശിക്കുകയും പ്രാഥമിക പഠനം നിർവ്വഹിക്കുകയും ചെയ്തു. മുൻകൂട്ടി തയ്യാറാക്കിയ ഒരു സർവ്വേ ഫോം മുഖേനയാണ് പദ്ധതി ബാധിതരിൽ നിന്നും വിവരങ്ങളും പ്രതികരണങ്ങളും ശേഖരിച്ചത്. ദ്വിതീയ ശ്രോതസ്സുകളിൽനിന്ന് പദ്ധതിയുടെ ഭൗതിക, സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക വശങ്ങളും മനസ്സിലാക്കി. പദ്ധതി ബാധിതരുടെ ഔദ്യോഗിക പ്രമാണങ്ങളും മേൽവിലാസം തെളിയിക്കുന്ന രേഖകളും പരിശോധിച്ചു.

പൂരിപ്പിച്ച സർവ്വേ ഫോമുകളിൽനിന്നും ലഭിച്ച വിവരങ്ങൾകൊണ്ട് ഡേറ്റബെയ്സ് ഉണ്ടാക്കി. കേന്ദ്ര നിയമം അനുശാസിക്കുന്ന മുഖ്യഘടകങ്ങൾക്കനുസൃതമായാണ് പ്രഥമ കരടുരേഖ തയ്യാറാക്കിയത്.

**3.4 വിവരണ ശേഖരണവും രീതിയും**

ക്വാണ്ടിറ്ററ്റീവ്, ക്വാളിറ്റേറ്റീവ് മാർഗ്ഗങ്ങളുപയോഗിച്ചുള്ള പഠന രീതിയാണ് വിവരണ ശേഖരണത്തിനായി സ്വീകരിച്ചത്. ഇതുവഴി കൂടുതൽ സമഗ്രമായ വിവരങ്ങൾ ലഭിക്കുന്നു. പ്രധാനപ്പെട്ട മേഖലകളൊന്നും ഒഴിവാക്കാതെ ഇത് കൂടുതൽ പൂർണ്ണമായ ഫലം നൽകുന്നു (DEAT 2006). പഠന സംഘം പദ്ധതി ബാധിതരെ/ഭൂമി നഷ്ടപ്പെടുന്നതിലൂടെ പദ്ധതി ഭാഗികമായി ബാധിതരായ 2 കുടുംബങ്ങളുടെയും ഉടമസ്ഥരും ആശ്രിതരുമായി അഭിമുഖം നടത്തി. ഇവരുടെ പ്രതിനിധികളിൽനിന്നും പ്രസക്തമായ വിവരങ്ങൾ ശേഖരിച്ചു. വിവരങ്ങൾ ശേഖരിച്ച് കൃത്യമായി രേഖപ്പെടുത്തുവാൻ പ്രാപ്തിയുള്ളവരാണ് വിവരശേഖരണം നടത്തിയത്. പദ്ധതി പ്രദേശത്തല്ലാതെ വിദേശരാജ്യങ്ങൾ ഉൾപ്പെടെയുള്ള മറ്റിടങ്ങളിൽ താമസിക്കുന്നവരുമായി ബന്ധപ്പെടുക ബുദ്ധിമുട്ടായിരുന്നു.

പ്രദേശത്തെ ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, സാമൂഹ്യ – രാഷ്ട്രീയ പ്രമുഖർ, തുടങ്ങിയവരിൽനിന്നും ഔദ്യോഗികവും അനൗദ്യോഗികവുമായ ചർച്ചകളിലൂടെ വിലപ്പെട്ട അഭിപ്രായങ്ങളും പ്രതികരണങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചു, പ്രദേശത്തെ പശ്ചാത്തലവും പരിസ്ഥിതിയും മനസ്സിലാക്കി. വിവിധ സ്രോതസ്സുകളിൽനിന്നും ലഭിച്ച വിവരങ്ങൾ അപഗ്രഥിച്ച് ക്രോഡീകരിച്ച് സംക്ഷിപ്തമായി താഴെയുള്ള അദ്ധ്യായങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നു.

**പ്രദേശത്തിൻെറയും ആഘാത പഠനത്തിൻെറയും നിശ്ചല ചിത്രങ്ങൾ**



**Key informant: Deputy Collector (LA)**



**Guidance from Thahasildar (LA)**



Akatherthara Panchayath President



Puduppariyaram Panchayath President



Puduppariyaram Site



Akathethara Site



Meeting with the affected



Water Authority Executive Engineer

**3.5 സ്ഥല സന്ദർശനവും വിവര ശേഖരണവും**

2021 ഒക്ടോബർ 6 മുതൽ സാമൂഹ്യ ആഘാത പഠന സംഘം പദ്ധതി പ്രദേശം സന്ദർശിച്ച് പദ്ധതി ബാധിതരും പദ്ധതിയുമായി ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തി വിവരങ്ങൾ ശേഖരിച്ചു.

**3.6 പൊതു ചച്ചയുടെസംക്ഷിപ്ത രൂപം**

പാലക്കാട് ജില്ല അകത്തേത്തറ-പുതുപ്പരിയാരം വില്ലേജുകളിൽ സമഗ്ര ജലവിതരണ പധ്ദതി ഭൂമി എറ്റെടുക്കൽ പ്രക്രിയയുടെ ഭാഗമായി ഡ്രാഫ്റ്റ് റിപ്പോർട്ടിന്മേലുള്ള പൊതുചർച്ച ഭൂവുടമകളുടെയും അധികാരികളുടെയും സാനിദ്ധ്യത്തിൽ അകത്തേത്തറ പഞ്ചായത്ത് കല്ല്യാണ മണ്ഡപത്തിൽ 2018 ഡിസംബർ 11ന് 11 മണിയ്ക്ക് നടന്നു. സന്നിഹിതരായിരുന്ന അധികാരികൾ താഴെപ്പറയുന്നവരാണ്:

Mr. Shino Jacob, VA-L.A General. No. I

Mr. N Mohanan (Vice-President, Gram Panchayath, Akathethara)

Mrs. Sathi Devee N P, SRI- LAG -I

Mrs. Urmilakumari V – Senior Clark L. A. G-I

Mrs. Priji T R. FGS LAG-I,

Mrs. Ayshakutty P V FGS-LAG-I

Mrs. Manju Murali Akathethara Standing Committee

Mrs. Hema Ward Member, Akathethara Panchayath

And the members of the Study team, Don Bosco Arts & Science College.

**ബാധിതരായ വ്യക്തികൾ:**

1. Chenthamarakshan T Puduppariyaram Village
2. N. Raveendran Akathethara Village




പൊതു ചര്‍ച്ചയുടെ ദൃശ്യങ്ങള്‍



ഏറ്റെടുക്കൽ ബാധിതരായ വ്യക്തികൾ



പഞ്ചായത്ത് ഉപാദ്ധ്യക്ഷൻ സംസാരിക്കുന്നു

**എസ് ഐ എ ടീം അംഗങ്ങൾ**

Fr. Sojan Pananchikal (SDB), Director, SIA Unit, Don Bosco Arts & Science College, Kannur.
Mr. Sebastian K.V. Coordinator, SIA Unit
Mr. Christopher Mathew Research Associate, SIA Unit, Don Bosco Arts & Science College, Kannur

**NB**:*സന്നിഹിതരായിരുന്ന മുഴുവൻ പേരുടെയും പട്ടിക അനുബന്ധത്തിൽ ലഭ്യമാണ്.*

**പൊതുചർച്ചയുടെ സംഗ്രഹം**

പൊതുചർച്ചയിൽ പങ്കെടുത്ത പദ്ധതി ബാധിതർ അവരുടെ ബുദ്ധിമുട്ടുകൾ അവതരിപ്പിക്കുകയും ഡ്രാഫ്റ്റ് റിപ്പോർട്ടിൽ വിട്ട് പോയ വിശദാംശങ്ങൾ ചൂണ്ടികാണിക്കുകയും ചെയ്തു.

അംഗീകരിച്ച മുഖ്യമായ കാര്യങ്ങൾ

- അകത്തേത്തറ-പുതുപ്പരിയാരം വില്ലേജുകളിലെ സമഗ്ര ജലവിതരണ പദ്ധതി പൊതു ഉപയോഗത്തിനാണ് / പൊതു ആവശ്യത്തിനാണ്.
- നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലമാണ് ഏറ്റവും അനുയോജ്യം.
- പദ്ധതി ബാധിതരെല്ലാവരും അവരുടെ ഭൂമി വിട്ടുനൽകാൻ സമ്മതമാണ്

**പൊതുനിർദ്ദേശങ്ങൾ**

- ന്യായമായ നഷ്ടപരിഹാരം
- പദ്ധതിയിൽ ഉൾപ്പെടാത്ത സ്ഥലം ഉപയോഗശൂന്യമാകുന്നെതും ഏറ്റെടുക്കുക
- പകരം ഭൂമി വങ്ങുന്‍ നതിനു യോചിക്കുന്ന തരത്തിൽ/ ആഘാതം ലഘൂകരിക്കാനുതകുന്ന പാക്കേജു ലഭ്യമാക്കുക /അർഹമായ നഷ്ടപരിഹാരം

**പൊതുചർച്ചയിൽ ഉന്നയിക്കപ്പെട്ട വിഷയങ്ങളിൽ അധികാരികളുടെ പ്രതികരണങ്ങൾ**

- പകരം ഭൂമി വങ്ങുന്‍ നതിനു യോചിക്കുന്ന തരത്തിൽ/ ആഘാതം ലഘൂകരിക്കാനുതകുന്ന പാക്കേജു ലഭ്യമാക്കുക /അർഹമായ നഷ്ടപരിഹാരം.

- പദ്ധതിയിൽ ഉൾപ്പെടാത്ത സ്ഥലം ഉപയോഗ ശൂന്യമാകുന്നെങ്കിൽ അതും ഏറ്റെടുത്ത് ന്യായമായ നഷ്ടപരിഹാരം നൽകുക. സക്കാർ ഉത്തരവു പ്രകാരം ഒരു സവേ നമ്പരിലുള്ള ശേഷിച്ച സ്ഥലംകൂടി

ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, പഞ്ചയത്തും, വാട്ടർ അതോരിറ്റിയും റവന്യൂ ഉദ്ധ്യോഗസ്ഥരും പഞ്ചായത്തധികൃതരും ബാധിതരുമായി ച്ച്ചെയ്തു ഏറ്റെടുക്കൽ നടപടികളിലെ കുറവുകൾ പരിഹരിക്കുക

വ്യത്യസ്ത നിയമങ്ങളനുസരിച്ചാണ് ഭൂമി ഏറ്റെടുക്കുന്നതെന്ന് റവന്യൂ ഓഫീസർ വ്യക്തമാക്കി – 2013ലെ പുതിയ നിയമനുസരിച്ചുള്ള നഷ്ടപരിഹാരം എല്ലാവർക്കും ലഭിക്കുമെന്ന് വിശദീകരിച്ചു. പഞ്ചയത്തും, വാട്ടർ അതോരിറ്റിയും പഞ്ചായത്തധികൃതരും ബാധിതരുമായി ച്ച്ചെയ്തു ഏറ്റെടുക്കൽ നടപടികളിലെ കുറവുകൾ പരിഹരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ബാധിതതരുടെ ബുദ്ധിമുട്ടുകളും വേദനയും പരിഗണിച്ച് വളരെ ശാസ്ത്രീയമായാണ് നഷ്ടപരിഹാരം കണക്കാക്കുന്നതെന്ന് മറ്റ് ഉദ്യോഗസ്ഥരും വ്യക്തമാക്കി. പദ്ധതി ബാധിതരുടെ വേദനകൾ ശമിപ്പിക്കുന്നതിലും പരമാവധി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിലും അതീവ ശ്രദ്ധാലുവാണെന്ന് അകത്തേത്തറ പഞ്ചായത്ത് ഉപാദ്ധ്യക്ഷൻ വ്യക്തമാക്കി. പൊതു ആവശ്യത്തിനായി സ്ഥലം വിട്ടു നകാൻ തയ്യാറായതിൽ സന്തോഷമുൻെറന്നും, പരമവതി നഷ്ടപരിഹാരം ലഭിക്കുന്നതിനായി ശ്രമിക്കുമെന്നും വാഡ് മെമ്പർ ശ്രീമതി ഹേമ വ്യക്തമാക്കി.

# അദ്ധ്യായം 4
# ഭൂമിയുടെ മൂല്യനിർണ്ണയം

### 4.1 പശ്ചാത്തലം

സാമൂഹ്യ ആഘാത പഠന സംഘം പദ്ധതി ബാധിക്കുന്ന വ്യക്തികളുടെയും കുടുംബങ്ങളുടെയും സാമൂഹ്യ-സാമ്പത്തിക സർവ്വേ മുൻകൂട്ടി തയ്യാറാക്കിയിരുന്ന ചോദ്യാവലി ഉപയോഗിച്ച് 2021 ഒക്ടോബർ മാസത്തിൽ നടത്തി. കുടുംബാംഗങ്ങളെയും ഭൂമിയെയും തൊഴിലിനെയും പദ്ധതി എത്ര മാത്രം ബാധിക്കുമെന്ന് സർവ്വേ വെളിപ്പെടുത്തി. അതിൻെറ വിശദാംശങ്ങൾ താഴെ കൊടുത്തിടുണ്ട്.

### 4.2 പദ്ധതി ബാധിക്കുന്ന പ്രദേശങ്ങൾ


| പട്ടിക സംഖ്യ **1.1** ബാധിക്കുന്ന ഭൂമി / ആസ്തി വിവര പട്ടിക | | | | | |
|---|---|---|---|---|---|
| *ക്രമ സംഖ്യ* | സർവ്വേ നമ്പർ | ഭൂമി ഉടമസ്ഥർ | നിലം/ പുരയിടം | വിസ്തീർണ്ണം | ബാധകമാകുന്ന ആസ്തി |
| 1 | 146/14 | Chenthamarakshan | പുരയിടം | 50 സെൻറ് | കൃഷി ഭൂമി |
| 2 | 186/8, 186/3 | N Ravindran & N Vijaykumar | പുരയിടം | 12 സെൻറ് | കൃഷി ഭൂമി |


പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിൽപ്പെട്ട അകത്തേത്തറ-പുതുപ്പരിയാരം വില്ലേജുകളിൽ സമഗ്ര ജലവിതരണ പധ്ദതിക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിൻെറ ആഘാതത്തിൻെറ പൂർണ്ണരൂപം പട്ടിക 4.1 അവതരിപ്പിക്കുന്നു. 2 കുടുംബങ്ങളുടെ 2 ഭൂമികളാണ് പദ്ധതി പ്രദേശത്ത് ഉള്ളത്.

### 4.3 പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി

അകത്തേത്തറ പഞ്ചായത്തിലെ അകത്തേത്തറ ഗ്രാമത്തിൽ ശാസ്താനഗറിലും, പുതുപ്പരിയാരം പഞ്ചായത്തിലെ വളയെക്കാടുമാണു പ്രസ്തുത ജലസംഭരണികൾ നിമ്മിക്കുന്നത്. പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിൽപ്പെട്ട പുതുപ്പരിയാരംഗ്രാമം ബ്ലോക്ക് 22 സവ്വേ സംഖ്യ 146/14, ലെ പുരയിടവും അകത്തേത്തറ ഗ്രാമം ബ്ലോക്ക് 25 ലെ സവ്വേ സംഖ്യ 186/8, 186/3 യിലെ പുരയിടവും ഉൾപ്പെട്ട 0.2508 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്.

**4.4 സ്ഥലത്തിൻെറ രൂപരേഖ**




നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന രൂപരേഖ: അകത്തേത്തറ

**4.5 പൊതുഭൂമിയുടെ ഉപയോഗം**

പദ്ധതി പ്രദേശത്തെ സർക്കാർ ഭൂമിയില്ല.

**4.6 വാങ്ങിച്ച ഭൂമി**

ഇതുവരെ പദ്ധതിയ്ക്കായി ഭൂമിയൊന്നും വാങ്ങിച്ചിട്ടില്ല.

**4.7 പദ്ധതി പ്രദേശത്തെ ഭൂമി ഇടപാടുകൾ**

സ്ഥലത്ത് നടന്നിട്ടുള്ള ഭൂമി ഇടപാടുകളെക്കുറിച്ച് ഉടമസ്ഥർ നൽകിയ വിവരങ്ങളാണ് പട്ടിക 4.3ൽ കാണുന്നത്. 2 ഭൂമികളിൽ 1 എണ്ണത്തിൽ ഇടപാടുകൾ നടന്നിട്ടില്ല. 1 ഭൂമിയിൻമേൽ ബാങ്ക് വായ്പ്പയുണ്ട്.

| പട്ടിക 4.3 ഭൂമി ഇടപാടുകൾ | | |
|---|---|---|
| ഭൂമി ഇടപാടുകൾ | സംഖ്യ | ശതമാനം |
| ഒന്നുമില്ല | 01 | 50 |
| ബാങ്ക് വായ്പ | 01 | 50 |
| മൊത്തം | 2 | 100.0 |

## അദ്ധ്യായം 5
## മൂല്യനിർണ്ണയവും വിവരണവും

### 5.1 പദ്ധതി ബാധിതരായ കുടുംബങ്ങളുടെ സംഖ്യ

നിർദ്ദിഷ്ട അകത്തേത്തറ-പുതുപ്പരിയാരം വില്ലേജുകളിൽ സമഗ്ര ജലവിതരണ പധ്ദതിക്കുവേണ്ടിയുള്ള സാമൂഹ്യ ആഘാത പഠനത്തിൽ ഉൾപ്പെട്ടിട്ടുള്ള 0.2508 ഹെക്ടർ ഭൂമിയെയും പദ്ധതി പൂർണ്ണമായി ബാധിക്കുന്നു. 2 സർവ്വേ നമ്പറുകളിൽ 2 കുടുംബങ്ങളുടെയും അവരുടെ അവകാശികളുടെയും ഉടമസ്ഥതയിലാണ് നിർദ്ദിഷ്ട ഭൂമി.

സ്ഥലം ഏറ്റെടുക്കൽ ബാധിക്കുന്ന ഭൂമികളാണ് പട്ടികയിൽ കാണുന്നത്. ഇതിൽ 40 എണ്ണം അകത്തേത്തറ ഗ്രാമത്തിലും 2 എണ്ണം പാലക്കാട്-2 ഗ്രാമത്തിലുമാണ്.

| പട്ടിക 5.1 ബാധിക്കുന്ന ഭൂമി | | |
|---|---|---|
| *ക്രമ സംഖ്യ* | ഗ്രാമങ്ങളുടെ പേരുകൾ | ഭൂമിയുടെ സംഖ്യ |
| 1 | അകത്തേത്തറ | 1 |
| 2 | പുതുപ്പരിയാരം- 2 | 1 |
| | മൊത്തം | 2 |

### 5.2 ബാധിക്കുന്ന പ്രദേശത്തിൻെറ വ്യാപ്തി

| പട്ടിക 5.2 ബാധിക്കുന്ന പ്രദേശത്തിൻെറ വ്യാപ്തി | | |
|---|---|---|
| വ്യാപ്തി | സംഖ്യ | ശതമാനം |
| പൂർണ്ണമായി ബാധിക്കുന്നവ | 00 | 00 |
| ഭാഗികമായി ബാധിക്കുന്നവ | 2 | 100 |
| മൊത്തം | 2 | 100.0 |

ഭൂമി എറ്റെടുക്കൽ ബാധിക്കുന്ന പ്രദേശത്തിൻെറ വ്യാപ്തി പട്ടിക 5.2 അവതരിപ്പിക്കുന്നു - 2 ഭൂമികളിൽ 2 എണ്ണവും ഭാഗികമായി ബാധിക്കുന്നു.

### 5.3 ഭൂമിയുടെ ഉടമസ്ഥാവകാശം

സാമൂഹ്യ ആഘാത പഠനം നടത്തുന്ന 0.3069 ഹെക്ടർ ഭൂമിയും സ്വകാര്യ ഭൂമിയാണ്. 3 പൊതു വഴികളും ഏറ്റെടുക്കുന്ന മേഖലയിലുണ്ട്.

| പട്ടിക 5.3 ഭൂമിയുടെ ഉടമസ്ഥാവകാശത്തിൻെറ തരം | | |
|---|---|---|
| ഉടമസ്ഥാവകാശത്തിൻെറ തരം | സംഖ്യ | ശതമാനം |
| വാങ്ങിച്ചവ | 2 | 100 |
| മൊത്തം | 2 | 100.0 |

പട്ടിക 5.3 ഭൂമിയുടെ ഉടമസ്ഥാവകാശം കൈവന്ന രീതി വ്യക്തമാക്കുന്നു: 2 എണ്ണവും വിലക്കുവാങ്ങിച്ചവയാണ്.

### 5.4 ഭൂമിയുടെ ഇനം

| പട്ടിക No. 5.4 ഭൂമിയുടെ ഇനം | | |
|---|---|---|
| ഇനം | സംഖ്യ | ശതമാനം |
| പുരയിടം | 2 | 100 |
| മൊത്തം | 2 | 100.0 |

റവന്യൂ അധികൃതർ അധികർ നൽകിയ വിവരങ്ങളനുസരിച്ച് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കന്നത് 2 പുരയിടം ഭൂമിയാണ്.

### 5.5 ഭൂമിയുടെ രേഖകൾ

ഭൂവുടമകളിൽനിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം, ഭൂമികൾക്കും പൂർണ്ണമായും പട്ടയമുണ്ട്.

### 5.6 പദ്ധതി പ്രദേശത്തെ നിലവിലത്തെ ഭൂമിയുടെ ഉപയോഗം

പട്ടിക 5.6 പദ്ധതി ഭൂമിയുടെ നിലവിലത്തെ ഉപയോഗം സൂചിപ്പിക്കുന്നു. 2 ഭൂമികളും കൃഷി ഭൂമികളാണ്

### 5.7 ഭൂമിയുടെ പുനരുപയോഗം

| പട്ടിക 5.5 ഭൂമിയുടെ പുനരുപയോഗം | | |
|---|---|---|
| ഇനം | സംഖ്യ | ശതമാനം |
| പുനരുപയോഗിക്കാവുന്നത് | 1 | 50.0 |
| പുനരുപയോഗിക്കാനാവാത്തത് | 1 | 50.0 |
| മൊത്തം | 2 | 100.0 |

ഭൂമിയുടെ പുനരുപയോഗ സാദ്ധ്യതകളാണ് പട്ടിക 5.7 അവതരിപ്പിക്കുന്നത്. 2 ഭൂമിയിൽ 1 എണ്ണം ഭൂമി ഏറ്റെടുക്കലിനുശേഷവും ഉപയോഗിക്കാവുന്നതാണ്. 1എണ്ണം ഭൂമി ഏറ്റെടുക്കലിനുശേഷം ഉപയോഗശൂന്യമാകുമെന്നു ബാധിതൻ അവകാശപ്പെട്ടു.

### 5.8 ഉടമസ്ഥതയിൽ വേറെ ഭൂമി

| പട്ടിക 5.6 ഉടമസ്ഥതയിൽ വേറെ ഭൂമി | | |
|---|---|---|
| വേറെ ഭൂമി | സംഖ്യ | ശതമാനം |
| ഉണ്ട് | 2 | 100 |
| മൊത്തം | 2 | 100.0 |

പട്ടിക 5.8 പ്രകാരം ബാധിതർക്ക് വേറെ ഭൂമിയുണ്ടോ എന്ന ചോദ്യത്തിന് 2 പേർക്കും വേറെ ഭൂമിയുണ്ടെന്നു മറുപടി നൽകി.

### 5.9 ബാധിതരാകുന്ന ദുർബല വിഭാഗം

ബാധിത കുടുമ്പങ്ങൾ രണ്ടും ഇതര പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരാണ്.

**5.10 പദ്ധതി ബാധിതരുടെ കുടുംബാവസ്ഥ**

ബാധിത കുടുമ്പങ്ങൾ രണ്ടിലും രോഗബാധിതരുണ്ട്.

**5.11 പരോക്ഷമായി പദ്ധതി ബാധിക്കുന്നവർ**

പദ്ധതി പരോക്ഷമായി ബാധിക്കുന്നവർ ആരുമില്ല.

# അദ്ധ്യായം - 6
# സാമൂഹ്യ - സാമ്പത്തിക രൂപരേഖ

## 6.1 ആമുഖം

പദ്ധതി പ്രദേശത്തുള്ള കുടുംബങ്ങളുടെ സമൂഹ്യ, സാമ്പത്തിക, സംസ്കാരിക നിലവാരമാണ് ഈ അദ്ധ്യായം വിവരിക്കുന്നത്. ജനസംഖ്യയുടെ വിശദാംശങ്ങൾ, ജനങ്ങളുടെ സാമൂഹ്യജീവിതം മുതലായവും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

## 6.2 കുടുംബങ്ങളുടെ വിശദാംശങ്ങൾ

| പട്ടിക 6.1 *കുടുംബാംഗങ്ങളുടെ സംഖ്യ* | | | | | |
|---|---|---|---|---|---|
| *ക്രമ സംഖ്യ* | *സർവ്വേ സംഖ്യ* | *ഭൂവുടമ* | *പുരുഷന്മാർ* | *സ്ത്രീകൾ* | മൊത്തം |
| 1 | 146/14 | Chenthamarakshan – Puduppariyaram | 1 | 2 | 3 |
| 2 | 186/8, 186/3 | N Ravindran & N Vijaykumar – Akathethara | 2 | 2 | 4 |
| Total | | | 3 | 4 | 7 |

പട്ടിക 6.1 കുടുംബങ്ങളുടെ വിശദാശംങ്ങൾ അവതരിപ്പിക്കുന്നു. 2 കുടുംബങ്ങളിലെ 3 പുരുഷന്മാരും 4 സ്ത്രീകളുംകൂടി 7 അംഗങ്ങളെയാണ് പദ്ധതി പ്രത്യക്ഷമായി ബാധിക്കുന്നത്.

## 6.3 പദ്ധതി ബാധിതരുടെ സാമൂഹ്യ ജീവിതത്തിന്മേൽ ആഘാതം

പദ്ധതി ബാധിതരുടെ സാമൂഹ്യജീവിതത്തിന്മേലുള്ള ആഘാതം അതേ മേഖലയിൽത്തന്നെ താമസിക്കുമെന്നതിനാൽ സാമൂഹ്യജീവിതത്തെ ബാധിക്കുകയില്ലന്നാണ് 2 പേരുടെയും അഭിപ്രായം.

## 6.4 പ്രതിമാസ വരുമാനം

| പട്ടിക 6.2 പ്രതിമാസ വരുമാനം | | |
|---|---|---|
| പ്രതിമാസ വരുമാനം | സംഖ്യ | ശതമാനം |
| 5000 ത്തിന് താഴെ | 1 | 50 |
| 25000 | 1 | 50 |
| മൊത്തം | 2 | 100.0 |

ഭൂവുടമകളുടെ പ്രതിമാസവരുമാനമാണ് പട്ടിക 6.2 വ്യക്തമാക്കുന്നത്. 2 ഭൂവുടമകളിൽ ആളുടെ പ്രതിമാസ വരുമാനം 5000/ രൂപയിൽ താഴെയാണ്. ഒരാൾക്ക് 25000/ രൂപയുടെ മുകളിൽ പ്രതിമാസ വരുമാനമുണ്ട്.

## 6.5 കുടുംബ വരുമാനത്തിന്മേലുള്ള ആഘാതം

ഭൂമി ഏറ്റെടുക്കൽ ഭൂവുടമകളുടെ പ്രതിമാസവരുമാനത്തെ എങ്ങനെ ബാധിക്കുമെന്ന് ആരാഞ്ഞപ്പോൾ 2 പേരുടെയും വരുമാനത്തെ ബാധിക്കുകയില്ല എന്ന് പ്രതികരിച്ചു.

### 6.6 തൊഴിൽ / പ്രധാന വരുമാന മാർഗ്ഗം

| പട്ടിക 6.3 പ്രധാന വരുമാന മാർഗ്ഗം | | |
|---|---|---|
| സ്രോതസ്സ് | സംഖ്യ | ശതമാനം |
| പെൻഷ്യൻ | 1 | 50.0 |
| കൃഷി | 1 | 50.0 |
| മൊത്തം | 2 | 100.0 |

പട്ടിക 6.3 ഭൂവുടമകളുടെ പ്രധാന വരുമാനമാർഗ്ഗം വിവരിക്കുന്നു. 2 ഭൂവുടമകളിൽ ഒരാൾക്ക് വരുമാന മാർഗ്ഗം പെൻഷനാണ്. ഒരാൾക്ക് കൃഷിയാണ് വരുമാനമാർഗ്ഗം എന്ന് പ്രതികരിച്ചു.

### 6.7 റേഷൻ കാർഡിൻെറ തരം

ഭൂവുടമകളിൽ 2 പേരും റേഷൻ കാർഡ് അനുസരിച്ച് ദാരിദ്ര്യ രേഖയ്ക്ക് മുകളിലാണ്.

### 6.8 ഭൂമിയുടെ ഉപയോഗവും ഉപജീവന മാർഗ്ഗവും

| പട്ടിക 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവന മാർഗ്ഗവും | | | | | |
|---|---|---|---|---|---|
| *ക്രമ സംഖ്യ* | *സർവ്വേ സംഖ്യ* | ഭൂവുടമകൾ | പുരയിടം / നിലം | സ്ഥല വ്യാപ്തി | ബാധിക്കുന്ന ആസ്തി |
| 1 | 146/14 | Chenthamarakshan | പുരയിടം | 50 സെൻറ് | കൃഷി ഭൂമി |
| 2 | 186/8, 186/3 | N Ravindran & N Vijaykumar | പുരയിടം | 12 സെൻറ് | കൃഷി ഭൂമി |

പട്ടിക 6.4 ഭൂമിയുടെ ഉപയോഗത്തിൻെറയും ഉപജീവനത്തിൻെറയും വിശദാംശങ്ങൾ അവതരിപ്പിക്കുന്നു. ഭൂവുടമകളുടെ 2 ഭൂമിയും കൃഷി ഭൂമിയാണെന്ന് പ്രതികരിച്ചു.

# അദ്ധ്യായം 7
# ആഘാത ദുരീകരണ പദ്ധതി

## 7.1 ആഘാത ദുരീകരണ സമീപനം

ഭൂമി ഏറ്റെടുക്കൽ സൃഷ്ടിക്കുന്ന ആഘാതം ദുരീകരിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഭൂവുടമകൾ ന്യായമായ നഷ്ടപരിഹാരമാണ് മുഖ്യമായും ആവശ്യപ്പെടുന്നത്. അതിനാൽ ഭൂവുടമകളുമായി ചർച്ച നടത്തി നഷ്ടപരിഹാരം തീരുമാനിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് മുൻപ് തുക നൽകണമെന്നാണ് നിർദ്ദേശം.

## 7.2 ആഘാതം ഇല്ലായ്മ ചെയ്യുവാനും കുറയ്ക്കുവാനുമുള്ള രീതികളും നഷ്ടപരിഹാരവും

2013 ലെ നിയമമനുസരിച്ചുള്ള ന്യായമായ നഷ്ടപരിഹാരം ലഭിച്ചാൽ ഭൂമി വിട്ട് കൊടുക്കുവാൻ ഭൂവുടമകൾ തയ്യാറാണെന്നാണ് സാമുഹ്യ ആഘാത പഠന സംഘത്തിന് മനസ്സിലാക്കാൻ സാധിച്ചത്.

## 7.3 പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള മാർഗ്ഗങ്ങൾ

ബാധിതർക്ക് 2013 നിയമമനുസരിച്ചുള്ള നഷ്ടപരിഹാരം ലഭ്യമാക്കണം. നിർദ്ദേഷ്ടാവ് നിയമത്തിൻെറ വകുപ്പുകൾ പാലിക്കുകയും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സമഗ്ര പ്ലാൻ നിറവേറ്റുകയും ചെയ്യണം. നഷ്ടപരിഹാരം നിയമം അനുശാസിക്കുന്ന വിധത്തിലും സമയത്തും പൂർത്തീകരിക്കണം.

## 7.4 നിർദ്ദേഷ്ടാവ് സ്വീകരിക്കേണ്ട നടപടികൾ

നാണയപ്പെരുപ്പവും കേരളത്തിലെ ഭൂമി വിലയുമനുസരിച്ചുള്ള പ്രത്യേക പാക്കേജനുസരിച്ച് നഷ്ടപരിഹാരം നൽകണം. പദ്ധതി ബാധിതർ അവരുടെ വിലപ്പെട്ട സമ്പാദ്യം പൊതുതാത്പര്യത്തിനുവേണ്ടി നൽകുമ്പോൾ ഭൂമിയുമായുള്ള അവരുടെ വൈകാരിക ബന്ധവും അനുഭാവപൂർവ്വം പരിഗണിക്കണം.

## 7.5 സാമുഹ്യ ആഘാതം കുറവുള്ള ഇതര പദ്ധതി സാധ്യതകൾ

സാമുഹ്യ ആഘാതം കുറവുള്ള ഇതര പദ്ധതി സാധ്യതകളൊന്നും നിർദ്ദേശിക്കപ്പെട്ടില്ല. പ്രസ്തുത പദ്ധതി രേഖ പൊതുവെ സ്വീകാര്യമാണ്. നിർദ്ദേശിച്ചിരിക്കുന്ന പദ്ധതിയെക്കുറിച്ച് പൊതുവിൽ അഭിപ്രായ ഐക്യം ഉണ്ടെന്നുമാത്രമല്ല, ഇതര നിദ്ദേശങ്ങൾ ഉണ്ടായിരുന്നതുമില്ല. ഉയന്ന പ്രദേശമായതിനാലും 0.2508 ഹെക്ടർ ഭൂമി മാത്രം ആവശ്യമായതിനാലും നിദ്ദേശിച്ചിരിക്കുന്ന സ്ഥലമാണ് ഏറ്റവും അനുയോജ്യം.

### 7.6 ആഘാത ദുരീകരണവും പ്ലാനും

നടത്തിയ ചർച്ചകളുടെയും പദ്ധതി പരിശോധനകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്ന സാമൂഹ്യ ആഘാത ദുരീകരണ പ്ലാൻ രൂപകൽപന ചെയ്തിട്ടുണ്ട്. ആഘാത ദുരീകരണ മാർഗ്ഗങ്ങൾ ഉൾപ്പെടുത്തുകയെന്നത് പദ്ധതി നിർദ്ദേഷ്ടാവിൻെറയും ജില്ലാ ഭരണകൂടത്തിൻെറയും ഉത്തരവാദിത്തമാണ്. ആഘാത ദുരീകരണ മാഗ്ഗങ്ങൾ താഴെപ്പറയുന്നവയാണ്:

**പട്ടിക 7.1 ആഘാത ദുരീകരണവും പ്ലാനും**

| ആഘാതം | ദുരീകരണ മാർഗ്ഗങ്ങൾ | നിരീക്ഷിക്കേണ്ട ഘടകങ്ങൾ | ചുമതലയുള്ളവർ |
|---|---|---|---|
| അപര്യപ്തമായ നഷ്ടപരിഹാരം ആകുലത | പൂർണ്ണ നഷ്ടപരിഹാരത്തിനുള്ള മാനദണ്ഡം നിശ്ചയിക്കുക; അത് മുൻകൂട്ടി പ്രസിദ്ധീകരിക്കുക, പരാതികൾ പരിഹരിക്കുവാൻ സംവിധാനം സൃഷ്ടിക്കുക | നഷ്ടപരിഹാരത്തിൽ സുതാര്യത; നഷ്ട പരിഹാരത്തെക്കുറിച്ചുള്ള പരാതികളുടെ സംഖ്യ; നഷ്ടപരിഹാരം വർദ്ധിപ്പിക്കുവാനുള്ള അഭ്യർത്ഥനകളുടെ സംഖ്യ | റവന്യൂ വകുപ്പ് |
| പുനരധിവാസത്തെക്കുറിച്ചും | സർക്കാർ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരം നൽകുക | നഷ്ട പരിഹാരം സുതാര്യമായും കൃത്യമായും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തു | റവന്യൂ വകുപ്പ് |
| പകരം ഭൂമി വാങ്ങുവാൻ ധനം മതിയാകാത്തത് | പദ്ധതിപ്രദേശത്തിൻെറ പ്രാന്തപ്രദേശങ്ങളിൽ ഭൂമി വാങ്ങുവാൻ ആകുംവിധം നഷ്ടപരിഹാരത്തിൻെറ മാനദണ്ഡം ഭേദഗതി ചെയ്യുക | ഭൂമി കണ്ടുപിടിക്കുവാൻ സാധിക്കാത്തവർ ദുരുപയോഗത്തെക്കുറിച്ച് ജാഗ്രത | റവന്യൂ വകുപ്പ് |
| നഷ്ടപരിഹാരം ലഭിക്കുന്നതിലുള്ള കാലതാമസം | ഭൂമി വിട്ടു കൊടുക്കുന്നതിനു മുൻപ് തുക നിർണ്ണയിക്കുക | ഭൂമി വിട്ടുകൊടുത്തതിനുശേഷവും നഷ്ടപരിഹാരം ലഭിക്കാനുള്ള കാലതാമസം | റവന്യൂ വകുപ്പ് |
| ജലസംഭരണിയുടെ അടിഭാഗം സാമൂഹ്യദ്രോഹികൾ ദുരുപയോഗിക്കുമെന്ന ഭയം | സാമൂഹ്യദ്രോഹികൾ ദുരുപയോഗിക്കുവാൻ ആകാത്തവിധം സ്ഥലം ഉപയോഗപ്രദമാക്കുക | സ്ഥലത്തിൻെറ ഉത്തമമായ ഉപയോഗം, ക്രമസമാധാനം പാലനം | വാട്ടെർ അതോരിറ്റി, പോലീസ് |

### സാമ്പത്തിക മാർഗ്ഗങ്ങൾ

2 ഭൂവുടമകൾക്കും അവരുടെ ആശ്രിതർക്കും ഭൂമി നഷ്ടപ്പെടുന്നതാണ് ഭൂമി ഏറ്റെടുക്കലിൻെറ എറ്റവും മുഖ്യമായ ആഘാതം. ഈ നഷ്ടത്തിന് ഭൂമി ഏറ്റെടുക്കൽ നിയമം 26–31 വകുപ്പുകൾ പ്രകാരം നഷ്ടപരിഹാരം ലഭ്യമാക്കണം. പദ്ധതി ബാധിക്കുന്നവരുടെ ലഭ്യതയും ആവശ്യവുമനുസരിച്ച് നിമ്മാണ പ്രവർത്തനത്തിൽ ഉൾപ്പെടുത്തണം.

### പാരിസ്ഥിതിക മാർഗ്ഗങ്ങൾ

പദ്ധതി രൂപകൽപ്പന ചെയ്യുമ്പോൾ പ്രദേശത്തെ പച്ചപ്പിനെ ബാധിക്കാത്ത തരത്തിൽ പരിസ്ഥിതി സൗഹൃദമായ കെട്ടിടങ്ങൾ നിർമ്മിക്കണം. തടസ്സങ്ങളില്ലാതെ ജലപ്രവാഹത്തിന് വഴിയൊരുക്കണം.

**പുനരധിവാസവും പുന:സ്ഥാപനവും**

പൂർണ്ണമായി ബാധിക്കപ്പെടുന്ന കുടുംബങ്ങൾ ഇല്ലാത്തതിനാൽ പുന:സ്ഥാപനവും പുനരധിവാസവും ആവശ്യമില്ല. പകരം ഭൂമി വാങ്ങുവാൻ ന്യായമായ നഷ്ടപരിഹാരവും ഏറ്റവും സുതാര്യമായ വിധത്തിൽ ലഭ്യമാക്കണം.

**മറ്റ് മാർഗ്ഗങ്ങൾ**

ബാധിക്കപ്പെടുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ പ്രാപ്തിയുള്ള ഒരു സംവിധാനം സൃഷ്ടിക്കണം.

**പുതുപ്പരിയാരം 2:**

1. ജലസംഭരണിയിലേക്കുള്ള റോഡ് ബാധിതനുകൂടി ഉപയോഗപ്പെടുത്താൻ അനുവദിക്കുക/
2. സാധിക്കുമെങ്കിൽ പ്രോജക്ടിൽ ജോലി നൽകുക

**അകത്തേത്തറ:**

1. ശേഷിക്കുന്ന ഭൂമികൂടി ഏറ്റെടുക്കുക.
2. ബാങ്കിലെ കടബാധ്യത തീക്കുന്നതിനയി വേഗത്തിൽ നഷ്ടപരിഹാരം നൽകുക

**7.7 ആഘാതം ഇല്ലായ്മ ചെയ്യുവാനും ദുരീകരിയ്ക്കുവാനും പരിഹാരം നൽകുവാനുള്ള സംവിധാനങ്ങൾ**

- ശുചിത്വം, ആരോഗ്യം മുതലായ കാര്യങ്ങളിൽ കുറവുകൾ വരാതിരിക്കുവാൻ, പ്രത്യേകിച്ച് അതിഥി തൊഴിലാളികളുടെ കാര്യത്തിൽ, മുൻ കരുതലുകൾ എടുക്കണം. അവക്ക് വൃത്തിയുള്ള താമസ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും സർക്കാർ സംവിധാനങ്ങളുമായി അവരെ ബന്ധിപ്പിക്കുകയും ചെയ്യണം.
- നിർമ്മാണ തൊഴിലാളികളുടെയും പൊതുജനത്തിൻെറയും സുരക്ഷ ഉറപ്പാക്കണം.
- റവന്യൂ വകുപ്പും പഞ്ചായത്തും പദ്ധതി നിർദ്ദേഷ്ടാവും നിർമ്മാണ ഘട്ടത്തിൽ ഉണ്ടായേക്കാവുന്ന അപ്രതീക്ഷിതമായ പ്രശ്നങ്ങൾ നേരിടുവാൻ വേണ്ടതായ സംവിധാനം ഒരുക്കണം.

പ്രതികൂലമായവയേക്കാൾ അനുകൂലമായ സംഗതികളാണ് കൂടുതലെന്നതിനാൽ, നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലമാണ് അകത്തേത്തറ-പുതുപ്പരിയാരം വില്ലേജുകളിൽ സമഗ്ര ജലവിതരണ പധ്ദതിക്ക് ഏറ്റവും ഉചിതമെന്ന് അനുമാനിക്കുന്നു. പ്രതികൂല ഘടകങ്ങൾ വളരെ കുറവാണ്. ഇവ പലതും വലിയ തോതിൽ പരിഹരിക്കാവുന്നതുമാണെന്നാണ് സാമൂഹ്യ ആഘാത പഠന സംഘത്തിൻെറ അഭിപ്രായം.

## അദ്ധ്യായം 8
## സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി അടിസ്ഥാന ഘടന

### 8.1 ആമുഖം

സ്ഥലം ഏറ്റെടുക്കലിന്റെ ഭാഗമായ പഠനത്തിന്റെയും അന്വേഷണത്തിന്റെയും പൊതുജനഹിത പരിശോധനയുടെയും ഫലമായി പൊതുവായൊരു സാമൂഹ്യ ആഘാത ലഘൂകരണ പദ്ധതി (SIMP) രൂപംകൊണ്ടു. ഈ പദ്ധതിയാണ് സാമൂഹ്യ വശങ്ങൾക്കും സംഭവനീയമായ ആഘാതങ്ങൾക്കും ലഘൂകരണ പദ്ധതികൾക്കും പൊതുവായ മാര്ഗ്ഗനിര്ദ്ദേശങ്ങൾ നൽകുന്നത്. പദ്ധതി നടപ്പിലാക്കുമ്പോൾ ലഘൂകരണ നിര്ദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് RFCTLARR 2013 സെക്ഷൻ 44 (1) പ്രകാരം നിയമിക്കപ്പെട്ടവരുടെ ഉത്തരവാദിത്തമാണ്.

### 8.2 സ്ഥാപന ഘടനയും പ്രധാന വ്യക്തികളും

ഭൂമി ഏറ്റെടുക്കുന്നതിലും പുനരധിവാസത്തിലും ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള കേന്ദ്രസര്ക്കാരിന്റെ 2013 ലെ അവകാശ നിയമം അനുസരിച്ച് സാമൂഹ്യ ആഘാതം ലഘൂകരിക്കുവാനും കര്ത്തവ്യങ്ങൾ നിര്വ്വഹിക്കുവാനും കേരള സര്ക്കാർ നല്ലൊരു സ്ഥാപന ഘടനാരീതി അവിഷ്കരിച്ചിട്ടുണ്ട്.

കേരള സര്ക്കാരിന്റെ G.O. (Ms) No. 485/2015/ RD) തിയതി 23/9/2015 പ്രസിദ്ധീകരിച്ച ന്യായനഷ്ട പരിഹാര സുതാര്യ സ്ഥലം ഏറ്റെടുക്കൽ നയമനുസരിച്ച് ചീഫ് സെക്രട്ടറി, റവന്യൂ സെക്രട്ടറി, ഭരണ വിഭാഗം സെക്രട്ടറി, നിയമ സെക്രട്ടറി, ധനകാര്യ സെക്രട്ടറി എന്നിവർ അംഗങ്ങളായുള്ള ഒരു സംസ്ഥാന തല ശാക്തീകരണ കമ്മിറ്റിക്ക് രൂപം നൽകി. RFCTLARR 2013 അനുസരിച്ചുള്ള കര്ത്തവ്യങ്ങൾ നിര്വ്വഹിക്കേണ്ടത് ഇവരാണ്.

സര്ക്കാരിന്റെ ഇതേ നയമനുസരിച്ച് ജില്ലാകളക്ടർ, പുനരധിവാസ വിഭാഗത്തിലെ ഭരണത്തലവൻ, ഭൂമിയേറ്റെടുക്കൽ ഉദ്യോഗസ്ഥൻ, ധനകാര്യ ഉദ്യോഗസ്ഥൻ, ഭൂമി ആവശ്യപ്പെടുന്നവരെ പ്രതി അന്തിമ സാമ്പത്തിക തീരുമാനങ്ങൾ എടുക്കുവാൻ അവരുടെ പ്രതിനിധികൾ, പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരടങ്ങുന്ന സമിതിയാണ് RFCTLARR 2013 അനുസരിച്ചുള്ള ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ടത്.

ന്യായ നഷ്ട പരിഹാര പുനരധിവാസ ക്രമീകരണ (2013) നിയമത്തിലെ 43 (1) പ്രകാരം നിയമിതനാകുന്ന ഭരണാധികാരി (Administrator) സുതാര്യ ഭൂമിയേറ്റെടുക്കൽ സംബന്ധിച്ച പുനരധിവാസത്തിന്റെയും പുന:ക്രമീകരണത്തിന്റെയും രൂപരേഖയും പ്രവര്ത്തനരീതിയും നിരീക്ഷണവും കാര്യക്ഷമമായി നിര്വ്വഹിക്കേണ്ടിയിരിക്കുന്നു. കേരള സര്ക്കാരിന്റെ G.O. (P) M. No. 590/2015/ RD) തിയതി 11/11/2015 പ്രകാരം ഓരോ ജില്ലയിലേയും ഡെപ്യൂട്ടി കളക്ടറിനെയാണ് പുനരധിവാസ ക്രമീകരണ കാര്യങ്ങളുടെ ഭരണാധികാരിയായി (Administrator) മേൽപ്പറഞ്ഞ നിയമപ്രകാരം

നിയമിച്ചിരിക്കുന്നതും ഉഭയ സമ്മത പ്രകാരമല്ലാതെ ഭൂമിയേറ്റെടുക്കപ്പെട്ടവരുടെ കാര്യങ്ങൾക്കായി നിയോഗിച്ചിരിക്കുന്നതും.

കൂടാതെ, ന്യായനഷ്ട പരിഹാര സുതാര്യ ഭൂമി ഏറ്റെടുക്കൽ പുനരധിവാസ പുന: ക്രമീകരണ (2013) നിയമം 44 (1) അനുസരിച്ച് കേരള സക്കാരിൻെറ G.O. (P) M. No. 590/2015/ RD) തിയതി 11/11/2015 പ്രകാരം, ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന പുരധിവാസ പുന:ക്രമീകരണ പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനും ശരിയായ രീതിയിൽ അത് നടപ്പിലാക്കാനും ഭൂമി നഷ്ടപ്പെട്ടവക്ക് സാമൂഹ്യ നീതി ഉറപ്പുവരുത്താനും ഡെപ്യൂട്ടി കളക്ടക്കു പുറമേ, ലാൻറ് കമ്മിഷണറെ നിയമിച്ചിരിക്കുന്നു.

RFCTLARR Act 2013 സെക്ഷൻ 3 ൽ പറഞ്ഞിരിക്കുന്ന അധികാരമുപയോഗിച്ചും അതേ നിയമത്തിൻെറ കേരള പകപ്പ് (2015) ൻെറ 3 (1) അനുസരിച്ചും കേരള സക്കാർ G.O. (P) No. 649/2015/ RD) തിയതി 4/12/2015 മുഖേന പ്രത്യേക തഹസിൽദാർ (ഭൂമി എറ്റെടുക്കൽ) നമ്പർ 2 നെയും പാലക്കാട് ജില്ല ഡെപ്യൂട്ടി കളക്ടർ (ഭൂമി എറ്റെടുക്കൽ) നെയും മേൽ പറഞ്ഞ (2013) നിയമപ്രകാരം (3) കളക്ടറിൽ നിക്ഷിപ്തമായിരിക്കുന്ന ഒരുത്തരവാദിത്വമോ അതിൽ കൂടുതൽ ഉത്തരവാദിത്വങ്ങളോ സെക്ഷൻ 12 പ്രകാരം നിവ്വഹിക്കുവാൻ ജില്ലാതലത്തിൽ നിയമിച്ചിരിക്കുന്നു. ഇവരേയും ഇവരുടെ ഉദ്യാഗസ്ഥരേയും ജോലിക്കാരേയും മേൽപ്പറഞ്ഞ നിയമത്തിലെ സെക്ഷൻ 2 ലെ സബ്സെക്ഷൻ (1) അനുസരിച്ച് ഇവരുടെ അധികാര പരിധിയിൽ വരുന്ന ഭൂമി ഏറ്റെടുക്കൽ നടപടികൾ ചെയ്യുവാൻ അധികാരപ്പെടുത്തിയിരിക്കുന്നു.

ന്യായമായനഷ്ട പരിഹാരം, അനുയോജ്യമായ പുനരധിവാസ പുനക്രമീകരണ പാക്കേജ്, ലഘൂകരണ പദ്ധതികൾ എന്നിവയിൽ അന്തിമ തീരുമാനം എടുക്കുന്ന ഉത്തരവാദിത്വം ജില്ലാതല സമിതിയിൽ നിക്ഷിപ്തമാണ്. കൂടാതെ, നിമ്മാണ സമയം മുതൽ അതിൻെറ ശരിയായ നടത്തിപ്പിൻേറയും ഉത്തരവാദിത്വം ജില്ലാതല സമിതിക്കാണ്.

## അദ്ധ്യായം 9

## സാമൂഹ്യ ആഘാത നിയന്ത്രണത്തിൻെറയും ദുരീകരണത്തിൻെറയും ബജറ്റ്

### 9.1 പുനസ്ഥാപനത്തിൻെറയും പുനരധിവാസത്തിൻെറയും ചെലവ്

ഭൂമി ഏറ്റെടുക്കലിനെ പ്രതിപാദിക്കുന്ന 2013 ലെ നിയമനുസരിച്ച് സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും അധികാരപ്പെടുത്തിയിരിക്കുന്ന കമ്മറ്റിയാണ് ഇത് കണക്കാക്കേണ്ടത്.

### 9.2 വാഷിക ബജറ്റും പ്രവർത്തന പ്ലാനും

റവന്യു വകുപ്പിലെ ഭൂമി ഏറ്റെടുക്കൽ വകുപ്പാണ് ഇത് തയ്യാറാക്കേണ്ടത്.

### 9.3 സാമ്പത്തിക സ്രോതസ്സും ഇനം തിരിച്ചുള്ള ചെലവുകളും

ലഭ്യമല്ല.

## അദ്ധ്യായം 10

# സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി മേൽനോട്ടവും വിലയിരുത്തലും

### 10.1 ആമുഖം

നിരീക്ഷിക്കുക / മേൽനോട്ടം വഹിക്കുക എന്ന ദീഘകാല പ്രക്രിയ നിമ്മാണം മുതൽ പദ്ധതിയുടെ ആയുഷ്ക്കാലം മുഴുവനും തുടരണം. ഗുണനിലവാരത്തിൻെറ മാനദണ്ഡങ്ങൾ നിണ്ണയിച്ച് ഉണ്ടായേക്കാവുന്ന സാമൂഹ്യ ആഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് നിരന്തരം വിലയിരുത്തുകയാണ് ഇതിൻെറ ലക്ഷ്യം. സാമൂഹ്യആഘാതം ലഘൂകരിക്കുവാൻ നിദ്ദേശിക്കപ്പെട്ടിട്ടുള്ള നടപടികളുടെ ഫലപ്രാപ്തി ആനുകാലികമായും തുടച്ചയായും നിണ്ണയിക്കുന്നതും നിരീക്ഷണത്തിൽ ഉൾപ്പെടുന്നു. സാമൂഹ്യ ആഘാത ലഘൂകരണ നടപടികളോ അതിൻെറ രൂപഘടനയോ യഥാത്ഥ ആഘാതമോ നിരീക്ഷണത്തിന് വിധേയമാക്കാം. എന്നാൽ മറ്റ് മാനദണ്ഡങ്ങൾ, പ്രത്യേകിച്ച് സാമൂഹ്യമോ, സാമ്പത്തികമോ, പരിസ്ഥിതി സംബന്ധമോ ആയ കാര്യങ്ങൾ ഫലപ്രദമായി പഠിക്കുവാൻ മൂന്നുമുതൽ അഞ്ച് വഷം വരെ ആവശ്യമാണ്.

RFCTLARR Act - 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ പ്രക്രിയയും അതിൻെറ വിവിധ സാമൂഹ്യ ആഘാത ലഘൂകരണ നടപടികളും രേഖപ്പെടുത്തുവാനും അവ അറിയിക്കുവാനും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും കേരള സംസ്ഥാന സർക്കാർ സംവിധാനങ്ങൾ ഏപ്പെടുത്തിയിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്:

### 10.2 സംസ്ഥാന തലത്തിലുള്ള സംവിധാനം

RFCTLARR Act- 2013 സെക്ഷൻ 44 (1) അനുസരിച്ച് കേരള സംസ്ഥാന സക്കാരിൻെറ 2015 ഏപ്രിൽ 11 ലെ കേരള ഗസറ്റ് G.O. (P) M. 589/2015/ RD) മുഖേന സംസ്ഥാന തല പുനരധിവാസ കമ്മീഷണറായി ഭൂമി നികുതി കമ്മീഷണർ നിയമിതനായി. അദ്ദേഹത്തിൻെറ ഉത്തരവാദിത്തമാണ് സംസ്ഥാന തലത്തിൽ പുനരധിവാസ പദ്ധതികളുടെ രൂപീകരണം നിരീക്ഷിക്കുകയും അതിൻെറ ശരിയായ നടപ്പാക്കലും പുനരധിവാസത്തിനുശേഷം സാമൂഹ്യ കണക്കു പരിശോധനയും.

### 10.3 ജില്ലാ തലത്തിലുള്ള സംവിധാനം

ഭൂമി ഏറ്റെടുക്കുന്നതിലും പുനരധിവാസത്തിലും ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള 2013 ലെ അവകാശ നിയമം സെക്ഷൻ 43 (1) അനുസരിച്ച് നിയമിതനായ ഭരണാധികാരിക്കാണ് ജില്ലാ തലത്തിൽ ഭൂമി എറ്റെടുക്കൽ സംബന്ധിച്ചുള്ള പുനരധിവാസ പദ്ധതികളുടെ രൂപീകരണത്തിൻെറയും നിരീക്ഷണത്തിൻെറയും അത് ശരിയായി നടപ്പിലാക്കുന്നതിൻെറയും പുനരധിവാസത്തിൻെറയും ഉത്തരവാദിത്തം. കേരള സംസ്ഥാന സക്കാരിൻെറ 2015 ഏപ്രിൽ 11 ലെ കേരള ഗസറ്റ് സംഖ്യ G.O. (P) M. 590/2015/ RD) അനുസരിച്ച് പ്രസ്തുത നിയമ പ്രകാരം

പുനരധിവാസ പ്രവത്ത്നങ്ങൾ നടത്തുവാനും ഭൂമി ഏറ്റെടുക്കൽ വഴി സ്വമേധയാ അല്ലാതെ സ്ഥലം നഷ്ട്ടപ്പെട്ടവരുടെ കാര്യങ്ങൾക്കായും പാലക്കാട് ജില്ലാ ഡെപ്യൂട്ടി കളക്ടറെ ചുമതലപ്പെടുത്തി. കൂടാതെ, ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും അന്തിര രൂപം കൊടുക്കുവാനും നടപ്പിലാക്കുവാനും മേൽനോട്ടം വഹിക്കുവാനും ജില്ലാതല നഷ്ടപരിഹാര പുനരധിവാസ സമിതിയെയും സംസ്ഥാനതല ശാക്തീകരണ സമിതിയെയും അധികാരപ്പെടുത്തി.

ബാധിച്ച വ്യക്തികൾക്കും കുടുംബങ്ങൾക്കും ന്യായമായ വിലയും പുനരധിവാസ പദ്ധതികളും വിഭാവനം ചെയ്ത് അന്തിമ രൂപം നൽകുന്നതിനുള്ള അധികാരം ജില്ലാ സമിതിയിൽ നിക്ഷിപ്തമാണ്. നിയമത്തിന്റെ രണ്ടും മൂന്നും സെക്ഷനുകളനുസരിച്ച് അർഹിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസവും പുനഃസ്ഥാപനവും സമിതി ഉറപ്പുവരുത്തണം. ജില്ലാ സമിതിയുടെ ശുപാർശകൾ പരിഗണിച്ച് അംഗീകരിക്കുകയോ നിർദ്ദേശങ്ങളോടെ തിരിച്ചയക്കുകയോ ചെയ്യുക സംസ്ഥാന സമിതിയുടെ ഉത്തരവാദിത്തമാണ്.

## അദ്ധ്യായം 11

## ചെലവിൻെറയും പ്രയോജനങ്ങളുടെയും അപഗ്രഥനം
## ഭൂമി ഏറ്റെടുക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശം

### 11.1 സമാപ്തിയും ലക്ഷ്യങ്ങളുടെ വിലയിരുത്തലും

പാലക്കാട് താലൂക്കിലെ അകത്തേത്തറ – പുതുപ്പരിയാരം വില്ലേജുകളിൽ സമഗ്ര ജല വിതരണ പധ്ദതി പൊതുജനത്തിന് ഉപകാരപ്രദമായതിനാൽ സർക്കാർ ഈ ആവശ്യം പരിഗണിച്ച് ഈ പദ്ധതിക്കായി 64.14 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മലമ്പുഴ നിയോജകമണ്ഡലത്തിൽപ്പെട്ട 5 പഞ്ചായത്തുകളിലായി (മലമ്പുഴ, മരുതറോഡ്, പുതുപ്പരിയാരം, അകത്തേതറ, മുണ്ടൂർ) ഏഴ് വലിയ ജലസംഭരണികൾ നിമ്മിച്ച്, മലമ്പുഴ ഡാമിൽനിന്നു കുടിവെള്ളമെത്തിക്കുന്ന പധ്ദതിയാണിത്.

അകത്തേത്തറ–പുതുപ്പരിയാരം–2 വില്ലേജുകളിൽ സമഗ്ര ജല വിതരണ പധ്ദതി നടപ്പിാലക്കുവാൻ 2 സവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 0.2508 ഹെക്ടർ (62 സെൻറ് ) ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ ആഘാത പഠനമാണ് പൂത്തിയാക്കിയത്.

### 11.2 സാമൂഹ്യ ആഘാതത്തിൻെറ സ്വഭാവം

അകത്തേത്തറ പഞ്ചായത്തിലെ അകത്തേത്തറ ഗ്രാമത്തിൽ ശാസ്താനഗറിലും, പുതുപ്പരിയാരം പഞ്ചായത്തിലെ വളയെക്കാടുമാണു പ്രസ്തുത ജലസംഭരണികൾ നിമ്മിക്കുന്നത്. പഞ്ചയത്തിൻെറ എല്ലാ ഭാഗത്തും ജലവിതരണം എത്തിക്കുന്നതിന് ഉയന്ന പ്രദേശമാണു തെരഞ്ഞെടുത്തിരിക്കുന്നത്. കാഷികയോഗ്യമായ ഭൂമിയാണിത്. പാപ്പിടങ്ങളൊന്നുമില്ലാത്ത പുരയിടം മാത്രം ഉൾപ്പെട്ടതാണ് നിർദ്ദിഷ്ട പ്രദേശം. ഏറ്റെടുക്കുവാനുള്ള പ്രദേശം താരതമേന്യ കുറവും ഏറ്റെടുക്കൽ പ്രക്രിയ ബുദ്ധിമുട്ട് കുറഞ്ഞതുമാണ്. ഈ പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി ഇവിടെയുള്ള ശുദ്ധജല ക്ഷാമം എന്നേക്കുമായി മാറുമെന്നതിനാൽ ഈ പദ്ധതി പൊതു താൽപര്യാതിമ്മാണ്. 2013ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം പ്രസ്തുത പദ്ധതി പൊതുതാത്പര്യത്തിനായതിനാൽ പ്രദേശത്തെ ജനങ്ങൾക്ക് സുരക്ഷിതത്വം ബോധ്യമാകണം. അധികാരികളും പ്രദേശവാസികളും ഒരുമിച്ച് പ്രവർത്തിച്ചാൽ പദ്ധതി ഒരു വിജയമായിത്തീരും. പൊതു ജനങ്ങൾക്കുള്ള പ്രയോജനവും താത്പര്യവും പരിഗണിച്ച് ഈ പദ്ധതി നടപ്പാക്കേണ്ട ഒന്നുതന്നെയാണ്.

### 11.3 പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ / അഭിപ്രായങ്ങൾ

ആഘാതം ലഘൂകരിക്കുവാൻ പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ /അഭിപ്രായങ്ങൾ താഴെ പ്പറയുന്നവയാണ്:

- മാക്കറ്റ് വിലയ്ക്കനുസരിച്ചുള്ള മൂല്യനിണ്ണയം
- ഏറ്റെടുക്കലിനുശേഷമുള്ള സ്ഥലം ഉപയോഗശൂന്യമകുന്നതിനാൽ ശേഷിക്കുന്ന ഭൂമികൂടി ഏറ്റെടുക്കുക.
- നഷ്ടപ്പെടുന്ന ഭൂമിക്കു പകരമായി മറ്റൊന്നു വാങ്ങുന്നതിനു / ബാങ്കിലെ കടം അടച്ചു തീക്കുന്നതിനു സാധിക്കുന്ന തരത്തിൽ നഷ്ടപരിഹാരം ഉറപ്പാക്കുക.
- പുതുപ്പരിയാരം വില്ലേജിൽ, നിമ്മാണസ്ഥലത്തേക്കു റോഡ് നിമ്മിക്കുന്നത്, ബാധിതനായ വ്യക്തിക്കു ശേഷിക്കുന്ന ഭൂമിയിലേക്കുകൂടി ഉപയോഗിക്കുന്നതിന് അനുവാദം നൽകുക. കൂടാതെ, ജലവിതരണ ജോലികളിൽ ഏതെങ്കിലുമൊരു തസ്തികയിൽ ( ഓപ്പറേറ്റർ/ വാച്ചുമാൻ) ജോലി നൽകുക.
- ഭൂമി ഏറ്റെടുക്കുന്നതിനായി ആരംഭത്തിൽ തൻെറ കൈവശമുള്ള 40 സെൻറു ഭൂമിയും ഏറ്റെടുക്കുമെന്നു ഉറപ്പുനൽകിയിരുന്നു. എന്നൽ ഇപ്പോൾ വെറും 12 സെൻറ് മതി എന്നു പറയുന്നു. ഇതു അംഗീകരിക്കാനാവില്ല. മുഴുവൻ സ്ഥലവും ഏറ്റെടുത്ത് ന്യായമായ നഷ്ടപരിഹാരം തരിക.


## സംഗ്രഹവും പരിസമാപ്തിയും

പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിൽപ്പെട്ട പുതുപ്പരിയാരം– 2 ഗ്രാമം ബ്ലോക്ക് 22 സർവ്വേ സംഖ്യ 146/14 ലെ പുരയിടവും അകത്തേത്തറ ഗ്രാമം ബ്ലോക്ക് 25ൽ സർവ്വേ സംഖ്യ 186/8,186/3 കളിലെ പുരയിടവും 0.2508 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കു വാനുള്ളത്. 2 കുടുംബങ്ങളുടെയും അവരുടെ ആശ്രിതരുടെയും ഉൾപ്പെടെയുള്ള ഭൂമിനഷ്ടമാണ് ഏറ്റെടുക്കലിൻെറ ഏറ്റവും മുഖ്യമായ ആഘാതം. ഇവിടെയുള്ള ഭൂമി എറ്റെടുക്കൽ 4 പുരുഷന്മാരും 3 സ്ത്രീകളുമുൾപ്പെടെ 2 കുടുംബങ്ങളിൽ നിന്നായി 7 വ്യക്തികളെയും ബാധിക്കുന്നു. ഭൂമിയുമായുള്ള വൈകാരിക ബന്ധത്തിനും കോട്ടം സംഭവിക്കും. മതിയായ പ്രതിഫലം ലഭിച്ചാലും ഏറ്റെടുക്കൽ വരുത്തിവയ്ക്കുന്ന മുറിവ് പൂർണ്ണമായും ഇല്ലാതാകുകയില്ല.

പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ പലരും ത്യാഗം സഹിക്കുകയും അവരുടെ വസ്തു ത്യജിക്കുകയും ചെയ്യേണ്ടതുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതുവഴി 2 പ്രദേശവാസികൾക്ക് ഭൂമി ഷ്ടപ്പെടുന്നുണ്ട്. നിയമനുസരിച്ചുള്ള ന്യായമായ നഷ്ടപരിഹാരം ഇവർക്ക് ലഭിക്കണം. നിയമത്തിലെ വകുപ്പുകൾ ഇതിന് പര്യാപ്തമാണ്.

**************

## അനുബന്ധം 1 കേരള ഗസറ്റ് – സർക്കാർ ഉത്തരവ്




Survey - Sketch

Dist : palakkad
Taluk : palakkad
village : puduppariyaram
Block : 22
Resy No :
old sy no :
TP no :
Extant : 02023
cent : 50.

proppasal site
Exent : 01497 (H)
cent : 37

in vasthi
Extant : 00526 - (H)
cent : 13-00 cent




Chandran property

VILLAGE OFFICER
Puthuppariyaram-II

## സാമൂഹ്യ ആഘാത പഠനം:
### കിഫ്ബി ശുദ്ധജലവിതരണ പ്രോജക്ട്: ആകത്തെത്തറ-പുതുപ്പരിയാരം വില്ലേജ്കളിൽ

ഏജൻസി: ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജ്, അങ്ങാടിക്കടവ്, ഇരിട്ടി, കണ്ണൂർ – 670706

## വ്യക്തിഗത വിവരശേഖരണത്തിനുള്ള ഫോറം

**1. പൊതുവായ വിവരങ്ങൾ**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| പഞ്ചായത്ത് / മുനിസിപ്പാലിറ്റി | | | | | വാർഡ് നമ്പർ: | | വില്ലേജ് | |
| **വിവരദാതാവിൻെറ പേര്** | | | | | **വിവരദാതാവിൻെറ** മൊബൈൽ നമ്പർ: | | | |
| **ആഘാതബാധിതനായ വ്യക്തിയുടെ പേര്** | | | | | | മൊബൈൽ നമ്പർ: | | |
| റേഷൻ കാർഡിൻെറ തരം | ബി.പി.എൽ. | | | എ.പി.എൽ: | | കാർഡ് ഇല്ല: | | |
| **മതം:** | ഹിന്ദു | മുസ്ലീം | ക്രിസ്ത്യാനി | സാമൂഹ്യവിഭാഗം | പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റു പിന്നോക്കവിഭാഗം | പൊതുവിഭാഗം |
| വിലാസം | | | | | | | | |

**2. കുടുംബ വിവരങ്ങൾ**

| **ക്രമ നമ്പർ** | **പേര്** | **1. ലിംഗം** | **2. പ്രായം** | **3. കുടുംബ നാഥനുമായുള്ള ബന്ധം** |
|---|---|---|---|---|
| 1 | | | | കുടുംബ നാഥ/ൻ |
| 2 | | | | |
| 3 | | | | |
| 4 | | | | |

3 1. നാഥൻ/നാഥ 2. ഭർത്താവ്/ഭാര്യ ,3. അവിവാഹിത മകൻ/മകൾ 4. വിവാഹിത മകൻ/മകൾ , 5. വിവാഹിത മകൻെറ/മകളുടെ ഭാര്യ/ഭർത്താവ് 6. പേരക്കുട്ടി, 7. അച്ഛൻ/അമ്മ 8. സഹോദരൻ/സഹോദരി

**2.6 കുടുംബാംഗങ്ങളുടെ ജോലി/വരുമാന മാർഗ്ഗം**

| ക്രമ നമ്പർ | **പേര്** | **2. തൊഴിൽ** |
|---|---|---|
| 1 | | |
| 2 | | |
| 3 | | |

2: 1. സർക്കാർ ജോലി 2. സ്വകാര്യ ജോലി (a. Managerial/administrative. b. supervisory c. clerical d. assistant/attendant)
3. കൂലി (a) നിർമ്മാണം (b) കാർഷികം (c) ടെക്നിക്കൽ) 4. ഫാക്ടറി 5. കരകൗശല വസ്തുക്കൾ 6. സ്വയം തൊഴിൽ
7. മൃഗാസുത്രണം 8. ഡ്രൈവർ 9. പെൻഷ്യൻ 10. വേറെ എന്തെങ്കിലും

| | | | |
|---|---|---|---|
| 4 | ആകെ പ്രതിമാസ കുടുംബ വരുമാനം | | |
| 5 | ഭൂമി ഏറ്റെടുക്കൽ വരുമാനത്തെ ബാധിക്കുമോ? | 1. ഉണ്ട് | 2. ഇല്ല |

**2.7 ആരോഗ്യ സ്ഥിതി:** തുടർച്ചയായി രോഗങ്ങളുള്ള കുടുംബാംഗങ്ങളുണ്ടെങ്കിൽ, വിശദാംശങ്ങൾ:

| ക്രമ നമ്പർ | | 1. രോഗം |
|---|---|---|
| 1 | | |
| 2 | | |

1: 1. ക്യാൻസർ 2. ക്ഷയം 3 എയ്ഡ്സ് 4. ശ്വാസകോശ സംബന്ധം 5. വേറെ എന്തെങ്കിലും

**3. ഭൂമിയുടെ വിശദാംശങ്ങൾ**

| 1. സർവ്വേ നമ്പർ | 2. വിസ്തീർണ്ണം | 3. കൈവശമായ വിധം | 4. കൈവശമായ വർഷം | 5. ഭൂമിയിനം | 6. ഭൂമിയിൽനിന്നുള്ള പ്രതിവർഷ വരുമാനം |
|---|---|---|---|---|---|
| | | | | | |
| | | | | | |
| 3. 1 വിലയ്ക്ക് വാങ്ങിയത് 2. പരമ്പരാഗതമായി 3. കടന്നുകയറിയത് – പുറമ്പോക്ക് 4. മറ്റുള്ളവ (വ്യക്തമാക്കുക) കുടികിടപ്പ്<br>5. 1 പുരയിടം/ കര 2. നിലം | | | | | |
| 7 | ഭൂമിയ്ക്ക് പട്ടയം 1) ഉണ്ട് 2) ഇല്ല 3) ഭാഗികം | | | | |
| 8 | ഭാഗികമെങ്കിൽ, പട്ടയമില്ലാത്ത ഭൂമിയുടെ വിശദാംശങ്ങൾ: | | | | |
| 9 | പദ്ധതി പ്രദേശത്തുള്ള ഭൂമിയുടെ അളവ്: | | | | |
| **ഭൂമിയിലുള്ള വസ്തുവിവരങ്ങൾ** | | | | | |
| 10 | 1. മരങ്ങൾ (ഇനവും എണ്ണവും)<br><br>2. ഫല വൃക്ഷങ്ങൾ 3. അടുക്കള തോട്ടം 4. കിണറുകൾ 5. കുളങ്ങൾ<br>6. ജലവിതരണ പൈപ്പ് 7. വൈദ്യുതി 8. ജല ടാങ്ക് 9. ഭൂഗർഭ ഓടകൾ 10. മറ്റുള്ളവ | | | | |
| 12 | നിർദ്ദിഷ്ട സ്ഥലത്ത് കൃഷിയുണ്ടെങ്കിൽ, ഇനങ്ങൾ | | | | |
| 13 | എത്ര വർഷമായി കൃഷി ചെയ്യുന്നു? | | | | |
| 14 | നിർദ്ദിഷ്ട സ്ഥലത്തേക്ക് വഴിയുണ്ടെങ്കിൽ, വഴിയുടെ സ്വഭാവം മണ്ണ്/ടാറ്/കോൺക്രീറ്റ് | | | | |
| 15 | കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഭൂമിയിൽ നടന്ന വ്യവഹാരങ്ങളുടെ വിശദാംശങ്ങൾ: 1) ഉണ്ട് 2) ഇല്ല | | | | |
| 16 | ഭൂമിയ്ക്ക് എന്തെങ്കിലും ബാധ്യതയുണ്ടെങ്കിൽ, രേഖപ്പെടുത്തുക 1) ഉണ്ട് 2) ഇല്ല<br>തുക തിരിച്ചടയ്ക്കലിന്റെ വിശദാംശങ്ങൾ | | | | |
| 18 | ഭൂമിയുടെ ഉടമസ്ഥതയെക്കുറിച്ച് എന്തെങ്കിലും കേസ് നിലനിൽക്കുന്നുണ്ടോ? 1) ഉണ്ട് 2) ഇല്ല 3) അറിയില്ല | | | | |
| 19 | ഏറ്റെടുക്കൽ ഭൂമിയെ എങ്ങനെ ബാധിക്കുന്നു? പൂർണ്ണമായി ☐ ഭാഗികമായി ☐ | | | | |
| 20 | താങ്കൾക്ക് വേറെ എവിടെയെങ്കിലും ഭൂമിയുണ്ടോ? 1) ഉണ്ട് ☐ 2) ഇല്ല ☐ | | | | |

**4. കെട്ടിടങ്ങൾക്കുള്ള ആഘാതം** – പദ്ധതി പ്രദേശത്ത് കെട്ടിടങ്ങളുണ്ടെങ്കിൽ വിശദാംശങ്ങൾ:

| 1. ഉടമയുടെ പേര് | 2. കെട്ടിടത്തിന്റെ ഇനം | 3. നിർമ്മിച്ച വർഷം | 4. കെട്ടിടത്തിന്റെ സ്വഭാവം | 5. ഇപ്പോഴത്തെ അവസ്ഥ | 6. വൈദ്യുതി ഉണ്ടോ? |
|---|---|---|---|---|---|
| | | | | | |
| | | | | | |
| 4: 1. **പക്ക** – പണിയെല്ലാം തീർന്നത് 2. **കച്ച** – പണി തീരാത്തത്<br>5: 1. നല്ല അവസ്ഥ 2. ഭാഗികമായി നല്ലത് 3. കേടായിക്കൊണ്ടിരിക്കുന്നത് | | | | | |

**5. ജല സ്രോതസ്സും ശുചിത്വവും**

| | | |
|---|---|---|
| 1 | ബാധിതമാകുന്ന ജലസ്രോതസ്സുകൾ | 1. പൊതുടാപ്പ്/കിണർ 2. സ്വന്തം കിണർ 3. പൈപ്പ് ലൈൻ 4. ടാങ്കർ ലോറി<br>5. വേറെ എന്തെങ്കിലും |
| 2 | ബാധിതമാകുന്ന ശുചിത്വസംവിധാനം | 1. സെപ്റ്റിക് ടാങ്ക് 2. വീടിനോട് ചേർന്നോ അല്ലാതെയോ 3. വേറെ എന്തെങ്കിലും |

| 6. പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ | |
|---|---|
| 1 | **പദ്ധതിമുഖേനയുണ്ടാകാവുന്ന പ്രയോജനങ്ങൾ:**<br>1) കൂടുതൽ ജോലി സാധ്യതകൾ 2) ഭൂമി വിലയിൽ വർദ്ധനവ് , 3) വാടക വരുമാനത്തിൽ വർദ്ധനവ്<br>4) സാമ്പത്തിക/വ്യാപാര മേഖലകളിലുള്ള വളർച്ച 5) അടിസ്ഥാനസൗകര്യങ്ങളുടെ വികസനം , 7) മറ്റുള്ളവ .... |

| | |
|---|---|
| 2 | **പദ്ധതിമുഖേനയുണ്ടാകാവുന്ന ദോഷഫലങ്ങൾ:**<br>1) വീടുകളുടെയും കെട്ടിടങ്ങളുടെയും നഷ്ടം 2) കൃഷി ഭൂമിയുടെയും മേച്ചിൽപുറങ്ങളുടെയും നഷ്ടം<br>3) ഉപരിതല/ഭൂഗർഭ ജലസ്രോതസ്സുകളുടെ നഷ്ടം 4) താമസസ്ഥലങ്ങളുടെയും വ്യാപാരസ്ഥലങ്ങളുടെയും വാടക വർദ്ധനവ്<br>5) ജനസാന്ദ്രതയിലുള്ള ആധിക്യം 6) മറ്റ് പ്രദേശവാസികളുടെ വരവുവഴി സ്വകാര്യതയ്ക്കുണ്ടാകുന്ന ക്ഷതം<br>7) ശബ്ദമലിനീകരണം 8) ജല ദൗർലഭ്യത 9) മറ്റുള്ളവ |
| 3 | **പദ്ധതി** അധികാരികളിൽനിന്നും താങ്കൾ എന്തെങ്കിലും **ആനുകൂല്യം** പ്രതീക്ഷിക്കുന്നെങ്കിൽ, വിവരിക്കുക: |
| 4 | ഭൂമി ഏറ്റെടുക്കൽ **സാമൂഹ്യ ജീവിതത്തെ** ബാധിക്കുമെങ്കിൽ, വിവരിക്കുക: |
| 5 | ഭൂമി ഏറ്റെടുക്കൽ **സാമ്പത്തിക മേഖലയെ** ബാധിക്കുമെങ്കിൽ, വിവരിക്കുക: |
| 6 | **പദ്ധതി** സൃഷ്ടിക്കാവുന്ന ഇതര നഷ്ടങ്ങൾ/വെല്ലുവിളികൾ ഏവ?<br><br>1) നിർമ്മാണ ഘട്ടത്തിൽ:<br><br>2) പ്രവർത്തന ഘട്ടത്തിൽ: |
| 7 | മുകളിൽ പ്രതിപാദിച്ച വെല്ലുവിളികൾ നേരിടുവാനുള്ള മാർഗ്ഗങ്ങൾ ഏവ?<br>1) പുനരധിവാസത്തിനുള്ള സഹായം 2) മൂല്യത്തിനനുസൃതമായ നഷ്ടപരിഹാരം 3) ബാധിതരാകുന്ന കുടുംബങ്ങളിലുള്ളവർക്ക് ജോലി 4) ജലസംരക്ഷണത്തിനുള്ള മാർഗ്ഗങ്ങൾ 5) വൃക്ഷലതാദികളും ജലസ്രോതസ്സുകളും സംരക്ഷിച്ചുകൊണ്ടുള്ള നിർമ്മാണങ്ങൾ 6) പൂർണ്ണമായി ബാധിക്കുന്നവർക്ക് പുനഃസ്ഥാപനം 7) വേറെ ഏന്തെങ്കിലും. |
| 8 | രാജാറോഡ് വികസന പധ്ദതി നിങ്ങൾ സ്വാഗതം ചെയ്യുന്നുവോ?<br>1. ഉണ്ട് ☐ 2. ഇല്ല ☐ |
| 9 | പ്രോജക്ടിന് ഭൂമി വിട്ട്കൊടുക്കുവാൻ നിങ്ങൾ തയ്യാറാണോ?<br>1. അതെ ☐ 2. അല്ല ☐<br>തയ്യാറല്ലെങ്കിൽ കാരണം: |
| 10 | ഈ പദ്ധതിയ്ക്കായി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്തിന് പകരമായി വേറെ ഏതെങ്കിലും ഉചിതമായ സ്ഥലം നിർദ്ദേശിക്കാനുണ്ടെങ്കിൽ, വിശദാംശങ്ങൾ നൽകുക?<br>പ്രദേശം പഞ്ചായത്ത് വാർഡ്: സർവ്വേ നമ്പർ: ഉടമസ്ഥർ: |
| 11 | കൂടുതൽ വിവരങ്ങൾ/നിർദ്ദേശങ്ങൾ: |

| | |
|---|---|
| വിവരദാതാവിൻെറ പേര് | അഭിമുഖം നടത്തിയ ആളുടെ പേര് |
| ഒപ്പ് | ഒപ്പ് |
| തിയതി | തിയതി |